# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പടന്ന ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in

ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-10/501/2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 03/09/2021
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പടന്ന ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പടന്ന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടന്ന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.എസ്.ഡി-10/501/2021 തീയ്യതി: 03/09/2021

## കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 6 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| അജിതൻ ടി എൻ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 29-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 29-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

വിനോദ്കുമാർ സി : ഓഡിറ്റ് ഓഫീസർ
ജെനു കുര്യാക്കോസ് : അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സുനിൽകുമാർ എം : സീനിയർ ഗ്രേഡ് ഓഡിറ്റർ
ബിന്ദു വി വി : ഓഡിറ്റർ
ഹരി വേണുഗോപാലൻ കെ വി : ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഫൗസിയ.പി.സി | പ്രസിഡന്റ് | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | സെക്രട്ടറി | 12-11-2020 | 21-12-2020 |
| പി.വി മുഹമ്മദ് അസ്‌ലം | പ്രസിഡന്റ് | 21-12-2020 | 31-03-2021 |
| നിർമ്മല.പി.വി | സെക്രട്ടറി | 01-04-2020 | 31-03-2021 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| വിനയരാജ്.കെ.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| അനിത.കെ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2020 | 31-03-2021 |
| അമ്പുജാക്ഷൻ.ടി | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ലത.പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| രമേശൻ.എം | വി.ഇ.ഒ - പടന്ന സർക്കിൾ | 01-04-2020 | 31-03-2021 |
| ജേക്കബ് ഉലഹന്നാൻ | വി.ഇ.ഒ - ഉദിനൂർ സർക്കിൾ | 01-04-2020 | 12-10-2020 |
| സജിത് പുളുക്കൂൽ | വി.ഇ.ഒ - ഉദിനൂർ സർക്കിൾ | 20-10-2020 | 24-02-2021 |
| രമേശൻ.എം | വി.ഇ.ഒ - ഉദിനൂർ സർക്കിൾ-ചാർജ്ജ് | 24-02-2021 | 31-03-2021 |
| ബാലകൃഷ്ണൻ നാരോത്ത് | പ്രധാനാധ്യാപകൻ | 01-04-2020 | 31-03-2021 |
| ഡോ.കെ. ശ്രീവിദ്യാ നമ്പ്യാർ | വെറ്റിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ഡോ.അമ്പിളി ജനാർദ്ദനൻ | മെഡിക്കൽ ഓഫീസർ - അലോപ്പതി | 01-04-2020 | 31-03-2021 |
| ഡോ.നിഷ കെ.വി. | മെഡിക്കൽ ഓഫീസർ - | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ആയുർവ്വേദം | | |
| ഡോ.നാദിറ എ | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2020 | 31-03-2021 |
| മനോജ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jenu Kuriakkose (Senior Grade Auditor, On 28-07-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-08-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധന -നിരീക്ഷണങ്ങൾ<br>Written By: Sunilkumar. M (Senior Grade Auditor, On 29-07-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-08-2021) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 30-07-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-08-2021) | 1-2-1 |
| 4 | ചെലവിന്റെ കണക്കുകളിൽ വ്യത്യാസം കാണുന്നു.<br>Written By: Sunilkumar. M (Senior Grade Auditor, On 30-07-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-08-2021) | 1-2-2 |
| 5 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്<br>Written By: Sunilkumar. M (Senior Grade Auditor, On 30-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-2-3 |
| 6 | ജേർണൽ ബുക്കിന്റെ പരിശോധനയിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 30-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-2-4 |
| 7 | തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 30-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-2-5 |
| 8 | വസ്തു നികുതി- കണക്കുകളിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 30-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-2-6 |
| 9 | റീക്കൺസിലിയേഷൻ പത്രികയിലെ അപാകത<br>Written By: Sunilkumar. M (Senior Grade Auditor, On 30-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-2-7 |
| 10 | നീലേശ്വരം സബ്-ട്രഷറി അക്കൗണ്ട് വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല<br>Written By: Sunilkumar. M (Senior Grade Auditor, On 30-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-2-8 |
| 11 | രജിസ്റ്ററുകൾ വേണ്ട വിധം പരിപാലിച്ചിട്ടില്ല<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-2-9 |
| 12 | ബാലൻസ് ഷീറ്റിലെ പ്രധാന അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-2-10 |
| 13 | പ്രതിമാസ അക്കൗണ്ടുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്തിട്ടില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-2-11 |
| 14 | ഓരോ ആസ്തി ഹെഡിനും അനുയോജ്യമായ ഡിപ്രീസിയേഷൻ അക്കൌണ്ട് ചെയ്യുന്നില്ല<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-2-12 |
| 15 | വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-08-2021) | 1-2-13 |

| | | |
|---|---|---|
| 16 | സാമ്പത്തിക വിശകലനം<br>Written By: Jenu Kuriakkose (Senior Grade Auditor, On 28-07-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-08-2021) | 1-3 |
| 17 | വിവിധ ഫണ്ടുകളുടെ വിനിയോഗം<br>Written By: Jenu Kuriakkose (Senior Grade Auditor, On 01-08-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 10-08-2021) | 1-4 |
| 18 | പദ്ധതി അവലോകനം<br>Written By: Jenu Kuriakkose (Senior Grade Auditor, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി<br>Written By: Vinoth Kumar C (Audit Officer, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-6 |
| 20 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Jenu Kuriakkose (Senior Grade Auditor, On 01-08-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-08-2021) | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Bindu.V.V (Auditor, On 01-08-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-08-2021) | 1-8 |
| 22 | ആഭ്യന്തര നിയന്ത്രണം<br>Written By: Vinoth Kumar C (Audit Officer, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-9 |
| 23 | മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം<br>Written By: Jenu Kuriakkose (Senior Grade Auditor, On 01-08-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-08-2021) | 1-10 |
| 24 | ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.<br>Written By: Vinoth Kumar C (Audit Officer, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-11 |
| 25 | തൊഴിൽ നികുതി - അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-12 |
| 26 | ലൈസൻസ് -പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.<br>Written By: Sunilkumar. M (Senior Grade Auditor, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-13 |
| 27 | റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-14 |
| 28 | സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുകയുടെ സൂക്ഷിപ്പ് - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം<br>Written By: Sunilkumar. M (Senior Grade Auditor, On 30-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-15 |
| 29 | കൃഷി വികസനം-ഫലവൃക്ഷത്തൈ വിതരണം ചെയ്തതിലെ അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-16 |
| 30 | തെങ്ങ് കൃഷി വികസനം ജൈവവളം നൽകൽ - അപാകതകൾ<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-17 |
| 31 | നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി-കർഷകർക്ക് ആനുകൂല്യങ്ങൾ നൽകിയതിലെ അപാകത<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-18 |
| 32 | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി മുൻകൂർ- അക്കൗണ്ടിങ്ങിലെ | 1-19 |

| | | |
|---|---|---|
| | അപാകതകൾ.<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | |
| 33 | ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് - മുൻകൂർ പണമടച്ച് ഒരു വർഷമായിട്ടും മരുന്ന് ലഭ്യമാക്കിയില്ല.<br>Written By: Sunilkumar. M (Senior Grade Auditor, On 29-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-20 |
| 34 | എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല<br>Written By: Hari Venugopalan K V (Auditor, On 30-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-21 |
| 35 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 30-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-22 |
| 36 | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ - അപാകതകൾ<br>Written By: Hari Venugopalan K V (Auditor, On 30-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-23 |
| 37 | ആർജിത അവധി സറണ്ടർ അനുവദിച്ചതിലെ- അപാകത.<br>Written By: Vinoth Kumar C (Audit Officer, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-24 |
| 38 | ഉദിനൂർ ശ്മശാനം ആധുനിക വൽക്കരണം-പദ്ധതിയുടെ നിർവഹണം നടത്തിയ അക്രഡിറ്റ് ഏജൻസിക്ക് കരാറുകാരന്റെ ലാഭവിഹിതം അനുവദിച്ചു- അധികം നൽകിയ തുക തിരികെ ഈടാക്കണം.<br>Written By: Vinoth Kumar C (Audit Officer, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-25 |
| 39 | ഒരേ റോഡ് പ്രവൃത്തി മുറിച്ച് വ്യത്യസ്ത പ്രൊജക്ടുകളായി നിർവ്വഹണം നടത്തുന്നു.<br>Written By: Vinoth Kumar C (Audit Officer, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 1-26 |
| 40 | മത്സ്യബന്ധന മേഖല- പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 01-08-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-08-2021) | 1-27 |
| 41 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.<br>Written By: Vinoth Kumar C (Audit Officer, On 02-08-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-08-2021) | 1-28 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Sunilkumar. M (Senior Grade Auditor, On 25-07-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-08-2021) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jenu Kuriakkose (Senior Grade Auditor, On 01-08-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-08-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 01-08-2021) | 4-3 |

| | | |
|---|---|---|
| | Last Updated By: Vinoth Kumar C (Audit Officer, On 05-08-2021) | |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്<br>Written By: Jenu Kuriakkose (Senior Grade Auditor, On 01-08-2021)<br>Last Updated By: Jenu Kuriakkose (Senior Grade Auditor, On 01-08-2021) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Sunilkumar. M (Senior Grade Auditor, On 31-07-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Sunilkumar. M (Senior Grade Auditor, On 25-07-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 05-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jenu Kuriakkose (Senior Grade Auditor, On 01-08-2021)<br>Last Updated By: Jenu Kuriakkose (Senior Grade Auditor, On 01-08-2021) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ<br>Written By: Vinoth Kumar C (Audit Officer, On 27-07-2021)<br>Last Updated By: Vinoth Kumar C (Audit Officer, On 27-07-2021) | 4-8 |
| 9 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Jenu Kuriakkose (Senior Grade Auditor, On 01-08-2021)<br>Last Updated By: Jenu Kuriakkose (Senior Grade Auditor, On 01-08-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jenu Kuriakkose (Senior Grade Auditor, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 13-08-2021) | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jenu Kuriakkose (Senior Grade Auditor, On 01-08-2021)<br>Last Updated By: T.N.Ajithan (Deputy Director, On 03-09-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | റസീറ്റ് & പേമന്റ് സ്റ്റേറ്റ്മെന്റ് | |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 4 | ബാലൻസ് ഷീറ്റ് | |

# ഭാഗം -1

## 1-1 ബജറ്റ്

2020-21വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | 1/1 ; 03-03-2020 | 1/1 ; 18-02-2021 |
| മുന്നിരിപ്പ് | 82,64,616 | 92,62,738 |
| വരവ് | 16,06,77,752 | 16,19,86,602 |
| ആകെ | 16,89,42,368 | 17,12,49,340 |
| ചെലവ് | 16,43,91,716 | 16,56,33,000 |
| നീക്കിയിരിപ്പ് | 45,50,652 | 56,16,340 |

## 1-2 വാർഷിക ധനകാര്യപത്രിക പരിശോധന -നിരീക്ഷണങ്ങൾ

പടന്ന ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ധനകാര്യ പത്രിക 15.05.2021-ന് ഇ-സബ്മിഷൻ വഴി ഓഡിറ്റിന് സമർപ്പിച്ചിരുന്നു. ധനകാര്യ പത്രികയുടെ വിശദമായ പരിശോധനയും സർട്ടിഫിക്കേഷനും ഓഡിറ്റ് വേളയിൽ നടത്തി. ധനകാര്യ പത്രികയുടെ വെരിഫിക്കേഷനുമായി ബന്ധപ്പെട്ട പൊതുവായ നിരീക്ഷണങ്ങൾ, കണക്ക് സൂക്ഷിപ്പുമായി ബന്ധപ്പെട്ടുള്ള ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പരിശോധന തുടങ്ങിയവ സംബന്ധിച്ചുള്ള പ്രധാന നിരീക്ഷണങ്ങൾ ഉപ ഖണ്ഡികകളായി ചുവടെ ചേർക്കുന്നു.

### 1-2-1 വാർഷിക ധനകാര്യ പത്രികക്കൊപ്പം അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി സമർപ്പിച്ചില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 62(2) ഇ പ്രകാരം പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുത്തി അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിക്കണമെന്ന വ്യവസ്ഥ പാലിക്കുകയോ അക്കൗണ്ട് മാന്വൽ പ്രകാരം നിബന്ധന ചെയ്ത സാമ്പത്തിക അനുപാതങ്ങൾ ഉൾകൊള്ളിക്കുകയോ ചെയ്തിട്ടില്ല.

### 1-2-2 ചെലവിന്റെ കണക്കുകളിൽ വ്യത്യാസം കാണുന്നു.

| ഫണ്ടിനം | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | ധനകാര്യ പത്രിക പ്രകാരം ചെലവ് |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1,04,23,642 | 92,19,266 |
| വികസന ഫണ്ട്(എസ്.സി.പി) | 38,81,646 | 39,34,101 |
| കേന്ദ്രധനകാര്യകമ്മീഷൻഗ്രാന്റ് | 80,88,520 | 82,77,159 |

### 1-2-3 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ പിശക്

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2020-21 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 45,34,905/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2020-21 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 41,89,754/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ് സ്റ്റാൻഡേർഡ്

പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

## 1-2-4 ജേർണൽ ബുക്കിന്റെ പരിശോധനയിലെ അപാകതകൾ

ജേർണൽ ബുക്കിന്റെ പരിശോധനയിൽ ധാരാളം കറക്ഷൻ എൻട്രികൾ വരുത്തിയിട്ടുള്ളതായി കാണുന്നു. സാഖ്യാ സോഫ്റ്റ് വെയറിൽ വരവുചെലവുകൾ രേഖപ്പെടുത്തുമ്പോഴും ജേർണൽ എൻട്രികൾ വരുത്തുമ്പോഴും കൃത്യമായ ഹെഡുകൾ തിരഞ്ഞെടുക്കാത്തതുകൊണ്ടും സമയബന്ധിതമായി അക്കൗണ്ടിങ്ങ് എൻട്രികൾ വരുത്താതുകൊണ്ടാണ് ഇത്തരത്തിൽ വളരെ കൂടുതലായി കറക്ഷൻ ജേർണൽ എൻട്രികൾ ആവശ്യമായിവരുന്നത്. അക്കൗണ്ടിങ്ങ് എൻട്രികൾ കൃത്യതയോടെ ചെയ്യുന്ന വെന്ന് ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-2-5 തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 26.05.2011ലെ സർക്കുലർ നമ്പർ 58725/എഫ്.എം3/ 2008 / ത.സ്വ.ഭ.വ. പ്രകാരം തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തനത് വരുമാനം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാത്കൃത ബാങ്ക് അല്ലായെങ്കിൽ സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം നിക്ഷേപിക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു. പഞ്ചായത്തിലെ തനത് വരുമാനം കേരള ഗ്രാമീൺ ബാങ്കിലും, പടന്ന സർവ്വീസ് സഹകരണ ബാങ്കിലും ആണ് നിക്ഷേപിക്കുന്നത്. കൂടാതെ ഓൺലൈൻ ട്രാൻസാക്ഷനായി എസ്.ബി.ഐ. ബാങ്കിലും അക്കൗണ്ട് സൂക്ഷിക്കുന്നു.

## 1-2-6 വസ്തു നികുതി- കണക്കുകളിലെ അപാകതകൾ

വസ്തു നികുതി പിരിവ്, ബാക്കി എന്നിവയുടെ കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. സഞ്ചയയിൽ നിന്നും എടുത്തിട്ടുള്ള 2020-21-ലെ കളക്ഷൻ പ്രോഗ്രസ് റിപ്പോർട്ടിൽ വസ്തുനികുതി പിരിവിൽ ബുക്ക് അഡ്ജസ്റ്റ്മെന്റുകൾ നടത്തിയിട്ടുള്ളതായി കാണുന്നു. ഇതിന്റെ ആധികാരികത വ്യക്തമാക്കുന്ന രേഖകൾ, അഡ്ജസ്റ്റമെന്റ് നടത്താനുള്ള അനുമതികൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ കുടിശ്ശിക വസ്തു നികുതിയുടെ തുക, പിരിവ്, ബാക്കി എന്നിവ സംബന്ധിച്ച കണക്കുകൾ സഞ്ചയ സോഫ്റ്റ് വെയറിലും സാംഖ്യ അടിസ്ഥാനമാക്കിയുള്ള വാർഷിക ധനകാര്യ പത്രികയിലും വ്യത്യസ്തമാണ്. വിശദ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 1-2-7 റീക്കൺസിലിയേഷൻ പത്രികയിലെ അപാകത

റീക്കൺസിലിയേഷൻ പത്രികയിൽ ഒരു വർഷം പഴക്കമുള്ള ചെക്കുകളും ചേർത്തു കാണുന്നു. പടന്ന സർവ്വീസ് സഹകരണ ബാങ്കിലെ തനത് ഫണ്ട് 55 (450230101) അക്കൗണ്ടിന്റെ 31.03.2021 ലെ റിക്കൺസിലിയേഷൻ പത്രികയിൽ Cheques Issued But Not Presented Into Bank എന്ന വകയിൽ 15.05.2020- ലെ 2,785 രൂപ, 15.01.2019 -ലെ 2,000 രൂപ, 17.02.2020 -ലെ 2,784 രൂപ, 25.02.2020 -ലെ 2,784 രൂപ, 15.05.2020 -ലെ 1,180 രൂപയുടെയും ചെക്കുകൾ ചേർത്തിട്ടുണ്ട്.

## 1-2-8 നീലേശ്വരം സബ്-ട്രഷറി അക്കൗണ്ട് വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയില്ല

നീലേശ്വരം സബ്-ട്രഷറിയിൽ തുടങ്ങിയ 799012900000124 നമ്പർ അക്കൗണ്ടിലെ തുകകൾ 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. 31.03.2021-ന് ഈ അക്കൗണ്ടിൽ 623787 രൂപ ബാലൻസുണ്ട്. ഈ തുക ബാലൻസ്ഷീറ്റ് B-4 (Code No 350200301)-ൽ ബാധ്യതാ ഹെഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അസറ്റ് സൈഡിൽ ഉൾപ്പെട്ടിട്ടില്ല.

## 1-2-9 രജിസ്റ്ററുകൾ വേണ്ട വിധം പരിപാലിച്ചിട്ടില്ല

എ) ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നീ രജിസ്റ്ററുകൾ അലക്ഷ്യമായും അവ്യക്തമായുമാണ് എഴുതിയിരിക്കുന്നത്. രജിസ്റ്ററുകളിൽ സംഗ്രഹം എഴുതുകയോ മുൻവർഷങ്ങളിലെ നീക്കിയിരിപ്പ് തുകകൾ അടുത്ത വർഷത്തേക്ക് കൃത്യമായി ക്യാരി ഓവർ ചെയ്യുകയോ ചെയ്തിട്ടില്ല. തന്മൂലം ഈ രജിസ്റ്ററുകൾ ആധികാരികമല്ല. അഡ്വാൻസ് രജിസ്റ്ററിൽ അഡ്വാൻസ് തുകകളുടെ പേയ്മെന്റ് വൗച്ചർ നമ്പർ എഴുതുന്നില്ല. അതു പോലെത്തന്നെ അഡ്വാൻസ് തിരിച്ചടവുകൾ രേഖപ്പെടുത്തുമ്പോൾ രശീതി വൗച്ചറുകളുടെ നമ്പരുകളും രേഖപ്പെടുത്തുന്നില്ല.

ബി).2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങളിലെ ചട്ടം 137 പ്രകാരമുള്ള കെട്ടിടങ്ങളുടെ റെഗുലറൈസേഷൻ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

സി).ആസ്തി രജിസ്റ്റർ- ആസ്തി രജിസ്റ്റർ കാലഹരണപ്പെട്ടിട്ടുണ്ട്. വർഷങ്ങളായി ആസ്തി രജിസ്റ്ററിൽ പുതുക്കലുകൾ വരുത്തുകയോ കാലികമാക്കുകയോ ചെയ്തിട്ടില്ല. സചിത്ര സോഫ്റ്റ് വെയറിലെ വിവരങ്ങളും കാലികമല്ല.

## 1-2-10 ബാലൻസ് ഷീറ്റിലെ പ്രധാന അപാകതകൾ

1) 2020-21 ബാലൻസ് ഷീറ്റ് ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ ചെലവഴിക്കാതെ നീക്കിയിരിപ്പുണ്ട്. ഈ തുകകൾ സമയബന്ധിതമായി ചെലവഴിക്കാത്തത് വീഴ്ചയാണ്. കൂടാതെ ചില ഫണ്ടുകൾ പ്രത്യേക ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ച് ചെലവഴിക്കണം എന്ന നിബന്ധന പാലിച്ചിട്ടില്ല. ലഭിച്ച തുകകൾ തനത് ഫണ്ട് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. ഉദാഹരണത്തിന് ശുചിത്വമിഷൻ ഗ്രാന്റ് 26,21,626 രൂപ. പൊരുത്തപ്പെടുത്താനാവുന്ന വിധം നീക്കിയിരുപ്പ് തുക പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) ഷെഡ്യൂൾ B-17 പ്രകാരം പടന്ന SCB യിലെ സാക്ഷരതാ ബാങ്ക് അക്കൗണ്ടിൽ 85,085 (Code-450630103) ബാലൻസ് ഉണ്ട്. എന്നാൽ ആയത് ഷെഡ്യൂൾ B-4 പ്രകാരം നീക്കിയിരുപ്പുള്ളതായി കാണിച്ചിട്ടില്ല.

3) ബാലൻസ് ഷീറ്റ്, ഷെഡ്യൂൾ ബി- 9 ( 350800101 ) Liability In Respect Of Stale Cheques - ഹെഡിൽ ഉള്ള 1,06,979/- രൂപയുടെ വിശദവിവരം ലഭ്യമാക്കേണ്ടതാണ്.

4) മുൻകൂർ നൽകിയ തുക ( ബി- 9- Code No 460100103, 460500205, 460100105, 460500501) സമയബന്ധിതമായി ക്രമീകരിക്കാൻ നടപടി സ്വീകരിച്ചില്ല.

5) ബാലൻസ് ഷീറ്റിലെ ബി 9 പത്രിക പ്രകാരം 350410101 നമ്പർ ശീർഷകത്തിൽ വസ്തുനികുതി മുൻകൂർ ഇനത്തിൽ 1,11,541/- രൂപ ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ തുക ഏതെല്ലാം ഡിമാന്റുകളിലേക്ക് ക്രമീകരിക്കേണ്ടതാണെന്ന വിവരം സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. നിലവിൽ ഡിമാന്റ് ഇല്ലാത്തവർക്ക് തിരികെ നൽകേണ്ട തുക സംബന്ധിച്ചും സ്ഥാപനത്തിൽ രേഖകളില്ല.

6) സാമ്പത്തിക വർഷാവസാനം പൂർത്തിയായതും എന്നാൽ പണം നല്കാൻ കഴിയാതിരുന്നതുമായ പ്രോജക്ടുകളുമായി ബന്ധപ്പെട്ട ചെലവുകൾ (ക്യൂ ബിൽ) ബാലൻസ് ഷീറ്റിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-2-11 പ്രതിമാസ അക്കൗണ്ടുകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്തിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങളിലെ ചട്ടം 60 പ്രകാരം പ്രതിമാസ രസീറ്റ് ആൻഡ് പേമെന്റ്സ് അക്കൗണ്ട് നിശ്ചിത ഫോറത്തിൽ തയ്യാറാക്കി സെക്രട്ടറി അടുത്ത മാസം 10 ാം തിയതിക്ക് മുമ്പായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതാണ്. പ്രസ്തുത മാസാന്ത്യ പത്രിക ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഓഡിറ്റ് ചെയ്യേണ്ടതാണ്. എന്നാൽ ഈ നടപടികൾ സ്വീകരിച്ചിട്ടില്ല.

## 1-2-12 ഓരോ ആസ്തി ഹെഡിനും അനുയോജ്യമായ ഡിപ്രീസിയേഷൻ അക്കൌണ്ട് ചെയ്യുന്നില്ല

ബാലൻസ് ഷീറ്റ് ബി 11 ഷെഡ്യൂൾ പ്രകാരം വിവിധ ഡിപ്രീസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രീസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. അദർ ഫിക്സഡ് അസറ്റ് തുക 7,54,838/- ആണെങ്കിലും അതിന്റെ ഡിപ്രീസിയേഷൻ ആസ്തി മൂല്യത്തിനേക്കാൾ വളരെ കൂടുതലായി 9,24,984/ ആയി രേഖപ്പെടുത്തിയിരിക്കുന്നു. ഓരോ ആസ്തി ഹെഡിനും അനുയോജ്യമായ ഡിപ്രീസിയേഷൻ ഹെഡിൽ മാത്രം ഡിപ്രീസിയേഷൻ അക്കൗണ്ട് ചെയ്യുന്നില്ല. ആസ്തികളുടെ കാലപ്പഴക്കം അനുസരിച്ച് ഡിപ്രീസിയേഷന്റെ കൃത്യത ഉറപ്പുവരുത്തുന്നില്ല.

<u>1-2-13 വാർഷിക കണക്കുകളിലെ മറ്റ് അപാകതകൾ</u>

1).ഇ-ടെണ്ടർ ഫോറ ഇനത്തിൽ ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസിൽ നിന്നും ഗ്രാമപഞ്ചായത്തിന് ലഭിക്കാനുള്ള തുക ഡിമാന്റ് ചെയ്ത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റിലെ I-5(B) ഷെഡ്യൂളിൽ ഉൾപ്പെടുത്തുകയോ, ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറൻറ് ) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2).വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായമിനത്തിൽ തൻവർഷം 4,20,000 രൂപ ചെലവഴിച്ചതായി വാർഷികകണക്കിൽ കാണിക്കുന്നു. എന്നാൽ 2020-21 വർഷം ഇത്തരം വരവോ ചെലവോ ഇല്ല.

3).ജനനമരണ വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് സ്ഥാപനം കൈപ്പറ്റുന്ന അപേക്ഷാ ഫീ, രജിസ്ട്രേഷൻ ഫീ, പിഴ, പകർപ്പ് ഫീ എന്നീ വരവുകൾ രേഖപ്പെടുത്തുന്നതിനുള്ള രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ മേൽ പരാമർശിച്ച വിഷയങ്ങളുമായി ബന്ധപ്പെട്ട ശീർഷകങ്ങളിലെ വരവ് ചെലവുകൾ പരിശോധിക്കുന്നതിന് സാധിച്ചിട്ടില്ല.

<u>1-3 സാമ്പത്തിക വിശകലനം</u>

വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ് വിവരങ്ങൾ

| വർഷം | 2020-21 |
|---|---|
| മുന്നിരിപ്പ് | 2,23,08,880 |
| വരവ് | 7,72,37,433 |
| ആകെ | 9,95,46,313 |
| ചെലവ് | 7,27,02,528 |
| നീക്കിയിരിപ്പ് | 2,68,43,785 |

<u>1-4 വിവിധ ഫണ്ടുകളുടെ വിനിയോഗം</u>

<u>ഫണ്ട് വിനിയോഗം</u>

എ)<u>അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം</u>(സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത തുക ഉൾപ്പടെ)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10231303 | 10231303 | 9920420 | 310883 | 97% |
| വികസനഫണ്ട് എസ്.സി.പി. | 0 | 4099079 | 4099079 | 3948807 | 150272 | 96% |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| | | | | | | |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8231000 | 8231000 | 8177593 | 53407 | 99% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3449750 | 3449750 | 3425425 | 24325 | 99% |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 8542755 | 8542755 | 6490211 | 2052544 | 75% |
| ആകെ | 0 | 33838027 | 33838027 | 31246596 | 2591431 | |

വികസനഫണ്ട് സ്രോതസ്സിൽ നിന്ന് കുറവ് ചെയ്ത ₹7,01,154 (ജനറൽ), ₹14,706 (ടി.എസ്.പി) എന്നീ തുകകൾ മേൽ പട്ടികയിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന് സമർപ്പിച്ച ക്യൂബിൽ റിപ്പോർട്ട് പ്രകാരം 2019-20-ൽ വിവിധ ഫണ്ടിനങ്ങളിലായി 17,44,827/-രൂപ ക്യൂ ബില്ലായിട്ടുണ്ട്.

ബി)<u>റസീപ്റ്റ് &പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം</u>

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 9219266 | 9219266 | 9219266 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 3934101 | 3934101 | 3934101 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 8177593 | 8177593 | 8177593 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3425425 | 3425425 | 3425425 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6490211 | 6490211 | 6490211 | 0 |
| CFC PERFORMANCE GRANT | 0 | 1786948 | 1786948 | 1786948 | 0 |
| വിവാഹധനസഹായം | 0 | 420000 | 420000 | 420000 | 0 |
| തൊഴിലുറപ്പ് - 100 ദിന ഇൻസെന്റീവ് | 0 | 282000 | 282000 | 282000 | 0 |

<u>1-5 പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | **അടങ്കൽ തുക** | നടപ്പാക്കിയത് | **ചെലവ് തുക** | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 78723964 | 121 | 49378090 | 18 | 40 | 67.59 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2020-21വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2020-21 വർഷത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 22 | 5262240 | 18 | 3548310 | 67.43 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 10 | 3128400 | 3 | 1698795 | 54.3 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 82 | 30905569 | 56 | 20212343 | 65.4 |
| 4 | കൃഷി ഓഫീസർ | 8 | 3056711 | 8 | 3040950 | 99.5 |
| 5 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 14 | 19028290 | 0 | 9121650 | 47.93 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 5288748 | 10 | 5026374 | 95.03 |
| 7 | വെറ്റനറി സർജ്ജൻ | 8 | 4314338 | 7 | 1449818 | 33.6 |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം | 1 | 400000 | 1 | 400000 | 100 |
| 9 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി | 7 | 2271919 | 7 | 1765628 | 77.71 |
| 10 | മെഡിക്കൽ ഓഫീസർ - ഹോമിയോ | 1 | 200000 | 1 | 200000 | 100 |
| 11 | പ്രധാനാധ്യാപകൻ | 11 | 1921485 | 8 | 1572958 | 81.86 |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 1341264 | 2 | 1341264 | 100 |
| 13 | എസ്.ഐ, ഫിഷറീസ് | 3 | 1605000 | 0 | 0 | 0 |
| | ആകെ | 179 | 78723964 | 121 | 49378090 | |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 359691 | 1287450 | 1647141 | 1633301 | 13840 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 35070162 | 35070162 | 35070162 | - |
| ആകെ | 359691 | 36357612 | 36717303 | 36703463 | 13840 |

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2020-21 വർഷം 1471 പദ്ധതികളുൾപ്പെടുന്ന 33 കോടി രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻവർഷം 164 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് തൻവർഷം വിവിധ പദ്ധതികളിലായി ആകെ 107450 തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ദിനം ലഭിച്ച 388 കുടുബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി പെൻഷൻ | 6620200 | 455 |
| വിധവാപെൻഷൻ | 18266200 | 1143 |
| വാർദ്ധക്യകാലപെൻഷൻ | 17845300 | 1327 |
| വികലാംഗപെൻഷൻ | 5169400 | 342 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 182700 | 13 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-07-2021 തീയ്യതിയിൽ 3.20 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 1,471/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

### പൊതു നിയന്ത്രണം

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 2 |
| 6 | ക്ലാർക്ക് | 4 |
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | പാർട്ട് ടൈം നേഴ്സറി ടീച്ചർ | 1 |
| 9 | പാർട്ട് ടൈം നേഴ്സറി ആയ | 1 |
| 10 | ഫുൾ ടൈം ലൈബ്രേറിയൻ | 1 |

09.10.2019 ലെ ഉത്തരവ് നം 13/2019പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനത്തിൽ നിരവധി സോഫ്റ്റ് വെയറുകൾ ഉപയോഗിക്കുന്നുണ്ട്. എന്നാൽ പുതിയ ഓഫീസ് ഉത്തരവിൽ ഓരോ ജീവനക്കാർക്കും ചുമതലകൾ വിഭജിച്ച നൽകുമ്പോൾ സോഫ്റ്റ് വെയറുകളുടെ ഉപയോഗം അവയുടെ ബാക്ക്അപ്പ് എടുത്ത് സൂക്ഷിക്കൽ എന്നീ നിർദ്ദേശങ്ങളൊന്നും ഇല്ല. ഈ അപാകതൾ പരിഹരിക്കേണ്ടതാണ്.

ഓഡിറ്റ് വർഷം പഞ്ചായത്ത് ഭരണസമിതി 25 തവണ യോഗം ചേർന്നിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിങ് കമ്മിറ്റി 17 , വികസന സ്റ്റാന്റിങ് കമ്മിറ്റി 12 , ക്ഷേമകാര്യ സ്റ്റാന്റിങ് കമ്മിറ്റി 13 ,ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിങ് കമ്മിറ്റി 13 പ്രാവശ്യവും യോഗം ചേർന്നിട്ടുണ്ട്. യോഗ തീരുമാനങ്ങൾ കൃത്യമായി മിനിട്സ് ബുക്കിൽ രേഖപ്പെടുത്തുന്നുണ്ട്. പഞ്ചായത്തിന്റെ ഓരോ മാസത്തെയും വരവ് ചെലവ് കണക്കുകൾ തൊട്ടടുത്ത മാസം 10 ാം തിയ്യതിക്കകം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കണം എന്ന വ്യവസ്ഥ കൃത്യമായി പാലിക്കുന്നുണ്ട്.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (Staff Meeting) 2020-2021 സാമ്പത്തിക വർഷം 7 തവണ ചേർന്നിട്ടുണ്ട്. യോഗതീരുമാനങ്ങൾ മിനുട്സ് ബുക്കിൽ രേഖപ്പെടുന്നുണ്ട്. ജീവനക്കാരുടെ

യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്.

<u>കൺട്രോൾ ഓവർ അക്കൗണ്ട്</u>

അക്കൗണ്ടിങ്ങ് സമ്പ്രദായം അനുശാസിക്കുന്ന തരത്തിലുള്ള രേഖകളും രജിസ്റ്ററുകളും സ്ഥാപനത്തിൽ സൂക്ഷിക്കുന്നുണ്ട്. നവീകരിച്ച അക്കൗണ്ടിങ്ങ് മാനുവൽ പ്രകാരമുള്ള മാറ്റങ്ങൾ സ്ഥാപനം ഉൾക്കൊള്ളുകയും ആയത് അനുസരിച്ചുള്ള കാലികമായ മാറ്റങ്ങൾ സ്ഥാപനത്തിൽ നടപ്പിൽവരുത്തുകയും ചെയ്തുവരുന്നുണ്ട്. സ്ഥാപനത്തിൽ കൃത്യമായും സമയബന്ധിതമായും സ്ഥാപനത്തിന്റെ അക്കൗണ്ടിങ്ങ് ഇടപാടുകൾ രേഖപ്പെടുത്തി വരികയും, ആയതുവഴി സ്ഥാപനത്തിന്റെ ഏതു സമയത്തുമുള്ള സാമ്പത്തിക നില പ്രതിഫലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ജനറൽ ലെഡ്ജറും സബ്സിഡി ലെഡ്ജറും ഉൾക്കൊള്ളുന്ന ഡബിൾ എൻട്രി സിസ്റ്റമാണ് സ്ഥാപനത്തിൽ നിലവിലുള്ളത്. അംഗീകരിക്കപ്പെടേണ്ട ജേർണൽ എൻട്രികൾ അതാതു സമയത്തെ മേലുദ്യോസ്ഥൻമാർ അംഗീകരിക്കുന്നുണ്ട്. രസീതു ബുക്കുകൾക്കും ഫോറങ്ങൾക്കും സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. അഗ്നിബാധ, മോഷണം, പ്രകൃതി ദുരന്തം, രേഖകളിൽ കൃത്രിമം വരുത്തൽ എന്നിവയിൽ നിന്നും സംരക്ഷിക്കപ്പെടുന്ന തരത്തിലാണ് അക്കൗണ്ടിങ്ങ് സംബന്ധിച്ച രേഖകൾ സൂക്ഷിച്ചുള്ളത്. ഓരോ അക്കൗണ്ടിങ്ങ് രേഖളിലേക്കുമുള്ള പ്രവേശനവും (ലോഗിൻ വഴി) നിശ്ചയിക്കപ്പെട്ട ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്തിട്ടുണ്ട്.

ബഡ്ജറ്റ് പാസ്സാക്കിയെങ്കിലും ആയതിന്റെ അടിസ്ഥാനത്തിൽ വരവ് ചിലവ് കണക്കുകൾ കൃത്യമായി വിലയിരുത്തപ്പെടുന്നില്ല. സ്ഥാപനത്തിന്റെ സാമ്പത്തിക ഇടപാടുകൾ കൃത്യമായി അക്കൗണ്ട് ചെയ്യപ്പെടുന്നുണ്ട്. എന്നാൽ നീലേശ്വരം സബ്-ട്രഷറിയിൽ തുടങ്ങിയ 799012900000124 നമ്പർ അക്കൗണ്ട് 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്യാഷും അക്കൗണ്ട്സും വ്യത്യസ്ഥ ജീവനക്കാരാണ് കൈകാര്യം ചെയ്യുന്നത്. അക്കൗണ്ട് റൂളുകളും അക്കൗണ്ടിംഗ് പോളിസികളും പാലിക്കുന്നുണ്ട്. മാസാന്ത്യ/വർഷാന്ത്യം നടത്തേണ്ട പൊരുത്തപ്പെടുത്തലുകൾ കൃത്യമായി ചെയ്തുവരുന്നുണ്ട്. ക്യാഷ് ബുക്ക് പ്രതിദിന ക്ലോസിംഗ് നടത്തുന്നുണ്ട്. അക്കൗണ്ടിന്റെ ബാക്ക്അപ്പ് കൃത്യമായി എടുത്ത് സൂക്ഷിക്കുന്നുണ്ട്. സ്ഥാപനത്തിലെ എല്ലാ ബാങ്ക് / ട്രഷറി ഇടപാടുകളും വാർഷിക ധനകാര്യ പത്രികയിലുൾപെട്ടിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധി ആരംഭിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ദിവസേനയുള്ള വരവുകൾ ബാങ്കിൽ കൃത്യമായി ഒടുക്കുന്നുണ്ട്. ഓഡിറ്റിന്റെ ഭാഗമായി കാഷ് ബാലൻസ് പരിശോധിച്ചതിൽ ക്യാഷ് ബാലൻസ് ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നുണ്ട്.

<u>പണത്തിനും ബാങ്കിനും മുകളിലുള്ള നിയന്ത്രണം</u>

പഞ്ചായത്തിൽ നിലനിർത്തിപോരുന്ന എല്ലാ ബാങ്ക് അക്കൗണ്ടുകളുടേയും മുഴുവൻ ലിസ്റ്റ് നിലവിലുണ്ട്. വിവിധ വരവുകൾ യഥായമയം തന്നെ ബാങ്കുകളിൽ വരവു വെക്കുന്നുണ്ട്. പഞ്ചായത്തിൽ ലഭിക്കുന്ന ചെക്കുകളും ഡി.ഡികളും ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തുകയും കാലതാമസം കൂടാതെ ബാങ്കുകളിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. സുരക്ഷിതമായ തരത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെയാണ് പഞ്ചായത്തിൽ പണം സ്വികരിച്ചു വരുന്നത്.

<u>ഡി.സി.ബി. വരവുകളിൻ മേലുള്ള നിയന്ത്രണം</u>

ഓരോ വരവിനത്തിലുമുള്ള ഡിമാന്റുകൾ കൃത്യമായി ഡി.സി.ബി.രജിസ്റ്ററുകളിൽ രേഖപ്പെടുത്തുകയും തുടർനടപടികൾ സ്വികരിക്കുകയും ചെയ്തുവരുന്നുണ്ട്. ഡി.സി.ബി. വരവുകൾ കാഷ് ബുക്കിലും ലഢ്ജറുകളിലും കൃത്യമായി രേഖപ്പെടുത്തുകയും റികൺസിലിയേഷൻ നടത്തുകയും ചെയ്യുന്നുണ്ട്.

നികുതി -നികുതിയേതര വരവുകളിൽ മേലുള്ള നിയന്ത്രണം

വരവിനങ്ങളെല്ലാം കൃത്യമായി ഡിമാന്റ് ചെയ്യപ്പെടുന്നുണ്ട് നികുതി നിർണ്ണയം നടത്തുന്നത് സഞ്ചയ സോഫ്റ്റ് വെയർ മുഖേനയാണ്. തൻവർഷം 100 % നികുതി പിരിവ് കൈവരിച്ചിട്ടുണ്ട്.

<u>കൺട്രോൾ ഓവർ പ്രൊക്യൂർമെന്റ്.</u>

പടന്ന ഗ്രമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തലെ പ്രൊക്യൂർമെന്റ് കമ്മിറ്റി 2020-21 വർഷത്തിൽ ആകെ രണ്ട് തവണ യോഗം (12.08.2020, 14.09.2020) ചേർന്നിട്ടുണ്ട്.

സാധന സാമഗ്രികൾ സമാഹരിക്കുന്നതിനുള്ള ചട്ടങ്ങളും സ്റ്റോർ പർച്ചേസ് ചട്ടങ്ങളും സ്ഥാപനം അനുസരിക്കുന്നുണ്ട്. സാധന സാമഗ്രികളുടെ സമാഹരണവുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്.

<u>കൺട്രോൾ ഓവർ പേറോൾ</u>

ജീവനക്കാരുടെ സേവന പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല. ജീവനക്കാരുടെ ശമ്പള പരിഷ്കരണം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും സമയാസമയങ്ങളിൽ അംഗീകാരം വാങ്ങുന്നില്ല. ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ചുവടെ പറയുന്ന ജീവനക്കാരുടെ ശമ്പളം ജി.ഒ (പി) നം 85/2011/Fin തീയതി 26.02.2011, ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016, പ്രകാരം പരിഷ്കരിച്ചത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും അംഗീകാരം വാങ്ങിയിട്ടില്ല.

| ക്രമ നം | ജീവനക്കാരന്റെ പേര് | തസ്തിക | അംഗീകാരം വാങ്ങാനുള്ള ശമ്പള പരിഷ്കരണം |
|---|---|---|---|
| 1 | ശ്രീ.അനിൽകുമാർ. പി.വി. | സീനിയർ ക്ലാർക്ക് | ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016. |
| 2 | ശ്രീമതി.റീന ലക്ഷമണൻ | സീനിയർ ക്ലാർക്ക് | ജി.ഒ (പി) നം 85/2011/Fin തീയതി 26.02.2011, ജി.ഒ (പി) നം 7/2016/Fin തീയതി 20.01.2016. |

ജീവനക്കാരുടെ ശമ്പളം നിലവിൽ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകുന്നത്. ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും മറ്റ് ശമ്പള റിക്കവറികളും കൃത്യമായി ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിലേക്ക് ഒടുക്കുന്നുണ്ട്. NPS പെൻഷൻ പദ്ധതിയിലുൾപ്പെടുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷനും കൃത്യമായി ഈടാക്കുന്നുണ്ട്.

<u>രജിസ്റ്ററുകളുടെ സൂക്ഷിപ്പിൻമേലുള്ള നിയന്ത്രണം</u>

ഗ്രാമപഞ്ചായത്തിൽ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകളുമായി ബന്ധപ്പെട്ട് സൂക്ഷിക്കേണ്ട പ്രധാന രജിസ്റ്ററുകളായ അക്വിറ്റൻസ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ, ജീവനക്കാരുടെ റിക്കവറി സംബന്ധമായ രജിസ്റ്റർ, തുടങ്ങിയവ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ട്. ഇൻകുബൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമല്ല. സ്യൂട്ട് രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ, എന്നിവ സൂക്ഷിച്ചിട്ടില്ല. ആയത് അടിയന്തിരമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. ഓഫീസിൽ ലഭിക്കുന്ന മുഴുവൻ തപാലുകളും സമയബന്ധിതമായി തീർപ്പുകൽപിക്കുന്നുണ്ട് എന്നുറപ്പുവരുത്തുന്നതിന് എല്ലാ സെക്ഷനുകളും പേഴ്സണൽ രജിസ്റ്റർ എഴുതേണ്ടതും ആയത് സൂപ്പർവൈസറി തസ്തികയിലുള്ള ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതുമാണ്.

<u>ആസ്തികളിൻമേലുള്ള നിയന്ത്രണം</u>

ആസ്തികൾ കൃത്യമായി മൂല്യ നിർണ്ണയം ചെയ്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. സ്ഥാപനത്തിൽ അസറ്റ് രജിസ്റ്റർ എഴുതി തയ്യാറാക്കേണ്ടതും അതിന്റെ മൂല്യനിർണ്ണയം നടത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തേണ്ടതുമാണ്.

<u>1-10 മറ്റ് ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറൽ ഓഡിറ്റ് | 25.10.2010 മുതൽ 4.11.2010വരെ | 2005-2006 മുതൽ 2009-10വരെ | 3.12.2010 |
| പെർഫോമെൻസ് ഓഡിറ്റ് | 17.01.2019 | 10/2018മുതൽ 12/2018വരെ | 17.01.2019 |

<u>1-11 ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.</u>

2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിരൂപീകരിച്ചിട്ടുണ്ട്. കേരള ഗ്രാമീണ ബാങ്കിന്റെ വലിയപറമ്പ ശാഖയിൽ ഇതിനായി ഒരു അക്കൗണ്ട് (നം 40414100004534) ആരംഭിച്ചിട്ടുണ്ട്. 31.03.2021ന് ഈ അക്കൗണ്ടിൽ 17,233/- രൂപ നിക്ഷേപമായുണ്ട്. പ്രസിഡന്റിന്റെ ദുരിദാശ്വാസ നിധിയിൽനിന്നും ആർക്കും ഇതുവരെ ധനസഹായം നൽകിയിട്ടില്ല. പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധി ആരംഭിച്ചതല്ലാതെ, ചട്ട പ്രകാരം ചെയ്യേണ്ടതായ മറ്റ് പ്രവർത്തനങ്ങളൊന്നും ഗ്രാമ

പഞ്ചായത്തിൽ നടന്നിട്ടില്ല. ആയതിനാൽ പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്.

1-12 തൊഴിൽ നികുതി - അപാകതകൾ

1) സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2020-21 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നികുതി അടവാക്കേണ്ടുന്ന കാലയളവ് |
|---|---|---|
| 1 | ബി.എസ്.എൻ.എൽ ഓഫീസ്, പടന്ന | ഒന്നും രണ്ടും അർദ്ധവർഷം |

സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിശദവിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടികാണിച്ച് കൊണ്ട് 26.07.2021 തീയ്യതി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 05/20-21) പഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ബി.എസ്.എൻ.എൽ. ൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1-13 ലൈസൻസ് -പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമ പഞ്ചായത്ത് അനുവദിച്ച ലൈസൻസുകളുടെ അപേക്ഷകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ. ഭേദഗതി ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കിയിട്ടില്ല

2017 ലെ കേരള നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ടിന് അനുസൃതമായി കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 31.10.2017 ലെ സ.ഉ.(പി)നം. 80/2017/തസ്വഭവ പ്രകാരം കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവായിട്ടുണ്ട്. ഭേദഗതി ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നത് ദൈനംദിന വിറ്റുവരവിന് പകരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തി ലാകണമെന്ന് ചട്ടം 7 പ്രകാരം നിഷ്കർഷിക്കുകയും, പട്ടിക രണ്ടിൽ ലൈസൻസ് ഫീസുകൾ പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ ലൈസൻസ് രജിസ്റ്ററും അപേക്ഷകളും പരിശോധിച്ചതിൽ ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ഫീസ് പിരിക്കുന്നതിന് സ്ഥാപനങ്ങൾ ഉൽപാദനം, സേവനം എന്നീ മേഖലകളിൽ ഏതിലാണ് ഉൾപ്പെടുന്നതെന്നോ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ തരം ഏതാണെന്നോ അപേക്ഷകളിലോ രജിസ്റ്ററിലോ രേഖപ്പെടുത്തിയിട്ടില്ല. സാമ്പത്തിക വർഷത്തിൽ 439 അപേക്ഷകരിൽ നിന്നായി ലൈസൻസ് ഫീസ് ഇനത്തിൽ പിരിച്ചെടുത്തിട്ടുള്ളത് ഭേദഗതി പ്രകാരമുള്ള പുതുക്കിയ നിരക്കല്ല.

ബി. വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളുടെയും ലിസ്റ്റ് തയ്യാറാക്കി അതു പ്രകാരം ലൈസൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. സാംഖ്യാ അക്കൗണ്ട് പ്രകാരം ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങളെ മാത്രം ചേർത്ത് രജിസ്റ്റർ എഴുതി തയ്യാറാക്കുന്നതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. എല്ലാ വർഷവും പുതിയ സ്ഥാപനങ്ങളെ ഉൾപ്പെടുത്തി വാർഡ് തിരിച്ച് ട്രേഡേഴ്സ്

ലിസ്റ്റ് പുതുക്കി ഈ ലിസ്റ്റ് പ്രകാരം രജിസ്റ്റർ എഴുതി ഡി.സി.ബി. പത്രിക തയ്യാറാക്കേണ്ടതും സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവുമായി റികൺസൈൽ ചെയ്യേണ്ടതുമാണ്. ആയത് പാലിച്ചിട്ടില്ല.

പഞ്ചായത്തിലെ അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള1808 കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ചതായി കാണുന്നു. വിശദാംശം ചുവടെ ചേർക്കുന്നു,

| ക്രമനം | ഇനം | | എണ്ണം |
|---|---|---|---|
| I | 1 | വാണിജ്യാവശ്യം 100 ച. മീറ്റർ വരെ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 1383 |
| | 2 | 100 ച. മീറ്റർ മുകളിൽ ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗൺ | 270 |
| | 3 | 200 ച. മീറ്റർ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 0 |
| | 4 | 200 ച. മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാൾ | 6 |
| II | 1 | ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷൻ | 1 |
| | 2 | ആഫീസ് ആവശ്യത്തിനുള്ളവ | 69 |
| III | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, സിനിമ തിയേറ്റർ, കല്ല്യാണ മണ്ഡപം, ലോഡ്ജ് | | 3 |
| IV | 1 | വ്യവസായംചെറുകിട വ്യവസായ സംരംഭങ്ങൾ, കൈത്തറി ഷെഡ്, തടിമില്ല് | 70 |
| | 2 | ഇതര വ്യവസായം | 6 |

എന്നാൽ ലൈസൻസ് രജിസ്റ്റർ പ്രകാരം ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന വാണിജ്യസ്ഥാപനങ്ങൾ 439 എണ്ണം മാത്രമാണ്. ഗ്രാമപഞ്ചായത്തിലുള്ള മുഴുവൻ വാർഡുകളിലും ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

<u>സി.കശാപ്പുശാലകൾക്കും ഇറച്ചിക്കടകൾക്കും ലൈസൻസ് നിർബന്ധമാക്കണം.</u>

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 38 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്തിനുള്ളിൽ മൃഗത്തിന്റെയോ പക്ഷിയുടെയോ മാംസം വിൽക്കുന്നതിനുള്ള കട സ്ഥാപിക്കുന്നത് അതിനായി ഗ്രാമപഞ്ചായത്ത് അംഗീകരിച്ചിട്ടുള്ള സ്ഥലത്ത് ആയിരിക്കേണ്ടതും, ഇറച്ചിക്കട ചില്ലുവച്ച് മറച്ചതും ഈച്ച മുതലായ പ്രാണികൾ കടക്കാത്തതും, ധാരാളം വായു സഞ്ചാരമുള്ളതുമായിരിക്കേണ്ടതും വഴിയാത്രക്കാർ കാണാത്ത വിധത്തിൽ ഇറച്ചി സൂക്ഷിക്കേണ്ടതും , കടയുടെ ലൈസൻസി, തന്റെ പേര്, കടയുടെ നമ്പർ, വില നിരക്കുകൾ എന്നിവ വ്യക്തമാക്കിക്കൊണ്ടുള്ള ബോർഡ് അന്യർക്ക് കാണത്തക്കവിധം കടയുടെ മുൻപിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കടകൾക്ക് 1994 ലെ കേരള പഞ്ചായത്ത് രാജ് 229 മുതൽ 231 വരെയുള്ള വകുപ്പുകൾ, 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും)ചട്ടങ്ങൾ, ബഹു.പഞ്ചായത്ത് ഡയറക്ടറുടെ സർക്കുലറുകൾ (സർക്കുലർ നം.27560/

ജെ2/2000/ തസ്വഭവ തീ.12-07-2000, സർക്കുലർ നം.1173/ഡിബി2/09/തസ്വഭവ തീ.17-09-2009, സർക്കുലർ നം. 66771/ഡി ബി 2/09/തസ്വഭവ തീയതി 08-01-2010, സർക്കുലർ നം. 25533/ഡി ബി 2/12/തസ്വഭവ തീയതി 06-04-2012) എന്നിവയിലെ നിബന്ധനകൾ പ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

മേൽ പോരായ്മകൾ പരിഹരിക്കുകയും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 റെഗുലറൈസ്ഡ് കെട്ടിടങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ക്രമവൽക്കരണത്തിന വേണ്ടി നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ടെങ്കിലും നാളിതു വരെ പഞ്ചായത്തിൽ ക്രമവൽകൃത കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഉൾകൊള്ളുന്ന രജിസ്റ്റർ സൂക്ഷിച്ച് പോരുന്നില്ല. നിലവിൽ പെർമിറ്റ് രജിസ്റ്ററിൽ തന്നെയാണ് ആയത് കാണിക്കുന്നത്. ഇത് ക്രമപ്രകാരമല്ല. ക്രമവൽകരണ ഇനത്തിൽ 1,44,826 രൂപ ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാനായില്ല. കെട്ടിട നിർമാണ ക്രമവൽകരണവിമായി ബന്ധപ്പെട്ട ചട്ടങ്ങൾ നിഷ്കർഷിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കാത്തതിന് വിശദീകരണം നല്കേണ്ടതാണ്.

## 1-15 സംയുക്ത പ്രൊജക്ടുകൾക്കായി ലഭിച്ച തുകയുടെ സൂക്ഷിപ്പ് - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം

ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി 4 പ്രകാരം ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളിൽ നിന്നും ലഭിച്ച തുകകളിൽ 17,25,224/- രൂപ ഓഡിറ്റ് വർഷത്തിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. മേൽ തുകയിൽ 7,35,036 രൂപ നീലേശ്വരം സബ്-ട്രഷറിയിലെ സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിലും ബാക്കി തുക തനത് ഫണ്ട് ഉൾപ്പടെയുള്ള ബാങ്ക് അക്കൗണ്ടിലുമാണ് നിക്ഷേപിച്ചിരിക്കുന്നത്.

| ക്രമ നം | ഫണ്ട് നല്കിയ സ്ഥാപനം | നീക്കിയിരിപ്പ് തുക |
|---|---|---|
| 1 | ജില്ലാപഞ്ചായത്ത് | 11,18,278 |
| 5 | ബ്ലോക്ക് പഞ്ചായത്ത് | 6,06,946 |
| ആകെ | | 17,25,224 |

മേൽ ഫണ്ടുകളുടെ കാര്യത്തിൽ സമയബന്ധിതമായ വിനിയോഗം നടന്നില്ല എന്നതിനൊപ്പം സർക്കാർ നിർദ്ദേശങ്ങൾ ലംഘിച്ചുകൊണ്ട് ഫണ്ട് പഞ്ചായത്ത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുകയുമാണ്. പതിമൂന്നാം പദ്ധതി ആസൂത്രണ മാർഗ്ഗരേഖയിൽ സംയുക്ത പ്രൊജക്ടുകളുടെ വിഭവ വകയിരുത്തലും വിനിയോഗവും 23.01.2017 ലെ പി 7/2017/ഫിൻ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. സംയുക്ത പ്രൊജക്ടുകൾക്ക് പ്രത്യേകമായി ഒരു സ്പെഷൽ ടി.എസ്.ബി.അക്കൗണ്ട് തുടങ്ങേണ്ടതും ഇതിൽ സംയുക്ത പ്രൊജക്ടുകൾക്ക ലഭ്യമാകുന്ന തുകകൾ മാത്രം നിക്ഷേപിക്കേണ്ടതുമാണ്.
2. ധനസഹായം നല്കുന്ന തദ്ദേശ സ്ഥാപനം വകയിരുത്തിയ തുക മുഴുവൻ ഒറ്റ ഗഡുവായി സെപ്റ്റംബർ 30 ന മുമ്പേ സംയുക്ത പ്രൊജക്ട് നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സ്പെഷൽ ടി.എസ്.ബി.അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യേണ്ടതാണ്.
3. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനം ഫെബ്രുവരി മാസത്തിന്റെ അവസാന വാരം സംയുക്ത പ്രൊജക്ടിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും സാമ്പത്തിക വർഷത്തിനുള്ളിൽ വിനിയോഗിക്കാൻ കഴിയില്ലെന്ന് ഉറപ്പുള്ള ബാലൻസ് തുക കണക്കാക്കി ആയത് ധനസഹായം നല്കിയ തദ്ദേശ സ്ഥാപനത്തിന് മറ്റ് കാര്യങ്ങൾക്ക് വിനിയോഗിക്കാൻ കഴിയും വിധം, ഫെബ്രുവരി 28ന മുമ്പേ തിരിച്ച് നല്കേണ്ടതുമാണ്.

4. നിർവ്വഹണം നടത്തുന്ന തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറി മാർച്ച് 31 ന് സ്പെഷൽ ടി.എസ്. ബി. അക്കൗണ്ടിലെ ചെലവുകൾ ട്രഷറിയിലെ തുകകളുമായി പൊരുത്തപ്പെടുത്തേണ്ടതും, പണമാക്കാത്ത ചെക്കുകൾ പ്രകാരം നല്കേണ്ട തുക കഴിച്ചുള്ള മേൽ തീയതിയിലെ നീക്കിയിരിപ്പ് സർക്കാരിലേക്ക് സറണ്ടർ ചെയ്യേണ്ടതുമാണ്.

5. സാമ്പത്തിക വർഷത്തിന്റെ ഒടുവിൽ സംയുക്ത പ്രൊജക്ട് പൂർത്തീകരിച്ചില്ലെങ്കിൽ, സ്പിൽ ഓവർ ബാധ്യത പങ്കെടുക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഷെയർ ചെയ്ത് ,സ്പിൽ ഓവർ പ്രൊജക്ടുകൾക്കായി അടുത്ത വർഷം ലഭ്യമാകുന്ന അലോട്ട് മെന്റിൽ നിന്നും വഹിക്കാവുന്നതാണ്.

6. മേല്പറഞ്ഞ നടപടിക്രമങ്ങൾ പാലിച്ചിരുന്നെങ്കിൽ സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിൽ മാർച്ച് 31 ന് നീക്കിയിരിപ്പ്തുക ഉണ്ടാകുമായിരുന്നില്ല.

എന്നാൽ സംയുക്ത പ്രൊജക്ടുകളുടെ ധനാഗമനത്തിന്റെയും ധനവിനിയോഗത്തിന്റെയും വിവിധ ഘട്ടങ്ങളിൽ മേൽ നിർദ്ദേശങ്ങൾ സ്ഥാപനം പൂർണ്ണമായി പാലിക്കാത്തതാണ് തുക നിലവിൽ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ ബാക്കിയാകാൻ കാരണം. മേല്പറഞ്ഞ തുക മുഴവൻ ലഭിച്ചത് വർഷങ്ങൾക്ക് മുമ്പാണെന്ന് മുൻവർഷങ്ങളിലെ ബാലൻസ് ഷീറ്റുകൾ പരിശോധിച്ചതിൽ നിന്നും വ്യക്തമാണ്. ആയതു പ്രകാരമുള്ള തുകയാണ് മേൽ പട്ടികയിൽ ചേർത്തിട്ടുള്ളത്. ഇവ മുൻ വർഷങ്ങളിലെ ഏതൊക്കെ പ്രൊജക്ടുകൾക്ക് ലഭിച്ചതാണെന്ന് വ്യക്തമല്ല. മാർച്ച് 31 ന് അവശേഷിക്കുന്ന ഫണ്ട് സർക്കാരിലേക്ക് സറണ്ടർ ചെയ്യാതെ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ഫണ്ട് വിനിയോഗം സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.മേൽ അപാകതൾക്ക് വിശദീകരണം നല്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം-9 തീയ്യതി 27-7-2021).

## 1-16 കൃഷി വികസനം-ഫലവൃക്ഷത്തൈ വിതരണം ചെയ്തതിലെ അപാകതകൾ

നിർവ്വഹണ ഉദ്യോഗസ്ഥൻ – കൃഷി ഓഫീസർ

കൃഷി ഓഫീസർ തൻവർഷം നടപ്പിലാക്കിയ പദ്ധതികളിലൂടെ കർഷകർക്ക് ഫലവൃക്ഷത്തൈ, വാഴക്കന്ന് എന്നിവ വിതരണം ചെയ്തിട്ടുണ്ട്. വിശദവിവരങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ഇനം & പ്രൊജക്ട് നമ്പർ | അടങ്കൽ | പദ്ധതി വിഹിതം ചെലവഴിച്ചത് | ബിൽ നം/ ചെക്ക് നം & തീയ്യതി | റിമാർക്സ് |
|---|---|---|---|---|
| S0169/2020-21, ഫലവൃക്ഷത്തൈ വിതരണം | 1,60,000 | 1,58,956 (155205 + 3751) | TRYചെക്ക്നം 5090642/ തീ.28.1.2021 (155205രൂപ) + TRY ചെക്ക്നം 5090663/ തീ. 26.3.2021 (3751 രൂപ) | വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| S0044/2020-21, ജീവനി – സൗജന്യ വാഴക്കന്ന് വിതരണം | 1,10,000 | 1,10,000 | ബിൽ നം 03/ തീ.6.11.2020 | സ്കീം രജിസ്റ്ററിൽ 321 ഗുണഭോക്താക്കൾക്ക് 5000 വാഴക്കന്നുകൾ വിതരണം ചെയ്തിട്ടുണ്ട്. |
| S0049/2020-21, ജീവനി-ചേനകൃഷി വികസനം | 84,000 | 84,000 | ബില്ല് നം 16/ തീ.12.2.2021 | സ്കീം രജിസ്റ്ററിൽ 210 ഗുണഭോക്താക്കൾക്ക് 8 Kg വീതംചേനവിത്ത്വിതരണം ചെയ്തതായികാണിച്ചിട്ടുണ്ട്. (ആകെ 1680 Kg) |

സ.ഉ (കൈ) നം.22/2018/തസ്വഭവ, തീ.14.12.2018 പതിമൂന്നാം പഞ്ചവത്സര പദ്ധതി ധനവിനിയോഗ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.1 പ്രകാരം സ്ഥല വിസ്തൃതിയുടെ അടിസ്ഥാനത്തിലാണ് വിത്തുകളുടെ / തൈകളുടെ അളവും തുകയും തീരുമാനിക്കേണ്ടത്. എന്നാൽ സ്ഥലവിസ്തൃതി കണക്കിലെടുക്കാതെ മുഴുവൻ അപേക്ഷകർക്കും ഒരേപോലെ വിത്തുകൾ /തൈകൾ വിതരണം ചെയ്യുകയാണുണ്ടായത്. നാമമാത്ര കർഷകർക്ക് മാത്രമാണ് വിത്തുകൾ/ തൈകൾ വിതരണം ചെയ്തിട്ടുള്ളത്. പ്രാദേശികമായ പ്രത്യേകതകൾ പരിഗണിച്ച് വിതരണം ചെയ്യേണ്ട വിത്തിനങ്ങൾ/ തൈകൾ എന്തൊക്കെയെന്ന് വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്യാതെയും പ്രൊജക്റ്റിൽ രേഖപ്പെടുത്താതെയും സുതാര്യമല്ലാതെയാണ് പദ്ധതി നടപ്പാക്കിയത്.

വിത്തുകൾ, തൈകൾ വിതരണം നടത്തുകയല്ലാതെ പദ്ധതി മോണിറ്ററിംഗ് നടത്തിയതിന്റെ രേഖകൾ ഫയലിലില്ല. കാർഷിക മേഖലയിൽ പ്രോജക്ടുകൾ വിഭാവനം ചെയ്ത് നടപ്പാക്കുമ്പോൾ ഭക്ഷ്യോൽപാദനത്തിൽ സ്വയം പര്യാപ്തത, വിള വിസ്തൃതി, ഉത്പാദനക്ഷമത, ജൈവകൃഷി പ്രോത്സാഹനം, സംയോജിത കൃഷി സമ്പ്രദായങ്ങൾ വഴി കർഷകന് കൃഷി ഭൂമിയിൽനിന്ന് പരമാവധി വരുമാനം, തരിശുഭൂമിയിലെ കൃഷി തുടങ്ങി പതിമൂന്നാം പഞ്ചവത്സര പദ്ധതി വാർഷിക പദ്ധതിക്കായുള്ള മാർഗ്ഗ രേഖയിൽ നിഷ്കർഷിച്ചിട്ടുള്ള ലക്ഷ്യങ്ങൾ നേടുന്നതിന് വേണ്ട പ്രൊജക്ടുകൾ വിഭാവനം ചെയ്യുകയാണ് വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ചുമതല. വിത്തുകൾ, തൈകൾ എന്നിവ സ്ഥലവിസ്തൃതി പരിഗണിക്കാതെ വിതരണം ചെയ്തത് മേൽ ലക്ഷ്യം കൈവരിക്കുന്നതിന് അപര്യാപ്തവും പദ്ധതിപണം ചെലവഴിക്കുക എന്ന ലക്ഷ്യം മാത്രം കൈവരിക്കുന്നതിന് ഉതകുന്നതുമാണ്. ധനവിനിയോഗ മാർഗ്ഗരേഖ ഖണ്ഡിക 6-1 പ്രകാരം ചെറുകിട / നാമമാത്ര കർഷകർ, പാട്ടകൃഷിക്കാർ, കർഷക ഗ്രൂപ്പുകൾ തുടങ്ങിയവർക്ക് ആനുകൂല്യം നൽകാവുന്നതാണ്. എന്നാൽ നാമമാത്ര കർഷകർക്ക് മാത്രമാണ് വിത്തുകൾ / തൈകൾ വിതരണം ചെയ്തതായി കാണുന്നത്. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-10 തീയ്യതി 27-7-2021) മറുപടി ലഭിച്ചിട്ടില്ല. പ്രാദേശികമായ പ്രത്യേകതകൾ പരിഗണിച്ച് വിതരണം ചെയ്യേണ്ട വിത്തിനങ്ങൾ / തൈകൾ എന്തൊക്കെയെന്ന് വർക്കിംഗ് ഗ്രൂപ്പ് ചർച്ച ചെയ്യാതെയും പ്രൊജക്റ്റിൽ രേഖപ്പെടുത്താതെയും സുതാര്യമല്ലാതെ പദ്ധതി നടപ്പാക്കിയത് വിശദീകരിക്കേണ്ടതാണ്. 3,52,956/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 1-17 തെങ്ങ് കൃഷി വികസനം ജൈവവളം നൽകൽ - അപാകതകൾ

നിർവഹണം- കൃഷി ഓഫീസർ, പ്രൊജക്റ്റ് നമ്പർ - SO052/ 2020-21

വകയിരുത്തിയ തുക- 9,60,000 .

ചെലവ് തുക- 9,60,000 (വികസന ഫണ്ട് 7,20,000രൂപ + ഗുണഭോക്തൃവിഹിതം (നേരിട്ട് ചെലവഴിക്കുന്നത് ) 2,40,000 രൂപ ).

| | | |
|---|---|---|
| വികസന ഫണ്ട് | 1,23,286 രൂപ | ബിൽനമ്പർ 7/20-21 തി 15.01.21 |
| | 97,577 രൂപ | ബിൽനമ്പർ 8/20-21 തി 15.01.21 |
| | 84,493 രൂപ | ബിൽനമ്പർ 9/20-21 തി 15.01.21 |
| | 82,679 രൂപ | ബിൽനമ്പർ 10/20-21 തി 15.01.21 |
| | 74896രൂപ | ബിൽനമ്പർ 11/20-21 തി 15.01.21 |
| | 1,09,714രൂപ | ബിൽനമ്പർ 12/20-21 തി 15.01.21 |
| | 94,927രൂപ | ബിൽനമ്പർ 13/20-21 തി 15.01.21 |
| | 1,810രൂപ | ബിൽനമ്പർ 18/20-21 തി 24.02.21 |
| | 50,618 രൂപ | ബിൽനമ്പർ 19/20-21 തി 24.02.21 |
| ആകെ | 7,20,000രൂപ | |

പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഒരു തെങ്ങിന് കിലോഗ്രാമിന് 12 രൂപ വിലയുള്ള 4 നാല് കിലോ ജൈവവളമാണ് പദ്ധതിയിൽ നൽകിയിരിക്കുന്നത്. ഇത് പ്രകാരം ഒരു തെങ്ങിന് നൽകേണ്ട സബ്സിഡി (@75%) തുക 36 രൂപയാണ്. 20000 തെങ്ങുകൾക്കാണ് ആനുകൂല്യം നൽകിയത്. സബ്സിഡി തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് നല്കുകയാണ് ചെയ്തിട്ടുള്ളത്.

2) സ.ഉ.(കൈ) നം.22/2018/തസ്വഭവ തി.14.02.2018 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ.6.1.1 പ്രകാരം കർഷിക കർമ്മസേനകൾ, കർഷക ഗ്രൂപ്പുകൾ, കർഷകർ, കുടുംബശ്രീ/ അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ തുടങ്ങിയവർ പ്രാദേശികമായി ഉൽപ്പാദിപ്പിക്കുന്ന ജൈവവളങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനം നടത്തുന്ന മാലിന്യ സംസ്കരണ പ്ലാന്റുകൾ, സഹകരണ സ്ഥാപനം നേരിട്ട് ഉൽപ്പാദിപ്പിക്കുന്നവ എന്നിവയിൽ നിന്നും നേരിട്ട് കൃഷി ഓഫീസർ കൺവീനറായ പർച്ചേസ് കമ്മിറ്റിയുടെ അനുമതിയോടെ കൃഷിക്കാർ വാങ്ങി ഉപയോഗിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇതുമായി ബന്ധപ്പെട്ടുള്ള കമ്മിറ്റി രൂപീകരിച്ചിട്ടില്ല.

3) വളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാതലത്തിൽ നിശ്ചയിക്കേണ്ടതാണെന്നും, നൽകേണ്ട സബ്സിഡിയുടെ പരമാവധി തുക ഗ്രാമപഞ്ചായത്ത് തീരുമാനിക്കേണ്ടതാണെന്നും മേൽ പദ്ധതി മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ട്. വില എങ്ങനെ നിർണയിച്ചു എന്ന് വ്യക്തമല്ല. ഇത്തരം വളങ്ങളുടെ വില ജില്ലാതലത്തിൽ നിർണയിച്ചുനൽകണമെന്ന് പദ്ധതി മാർഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും ആയത് ലഭ്യമല്ലാത്തതിനാൽ സർക്കാർ മാർഗ നിർദ്ദേശം പാലിച്ചോ എന്ന് വ്യക്തമല്ല.

ജൈവവളം വിതരണംചെയ്യുന്നതിനായി ഗുണഭോക്താക്കൾക്ക് അനുവദിച്ച പെർമിറ്റിന്റെ കോപ്പികൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. ആനുകൂല്യം കൈപറ്റിയ ഗുണഭോക്താക്കളുടെ ലിസ്റ്റ് ,ആകെ അനുവദിച്ച ജൈവവളത്തിന്റെ വിവരം, അനുവദിച്ച സബ്സിഡി എന്നിവയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരുസ്റ്റേറ്റ്മെന്റ് മാത്രമാണ് പരിശോധനക്ക് ലഭ്യമാക്കിയിരിക്കുന്നത്. ജൈവളത്തിന്റെ വില നിർണയിച്ചതിന്റെ വിശദാംശം ലഭ്യമാക്കുന്നതോടൊപ്പം ഗുണഭോക്താക്കൾക്ക് അനുവദിച്ച ജൈവവളത്തിന്റെ പെർമിറ്റ് കോപ്പി പരിശോധനക്ക് ലഭ്യമാക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം -10 തീയ്യതി 27-7-2021) മറുപടി നൽകിയില്ല. രേഖകളുടെ അഭാവത്തിൽ വികസന ഫണ്ടിനത്തിലെ ചെലവുതുക 7,20,000 രൂപ തടസ്സത്തിൽ വെക്കുന്നു.

<u>1-18 നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി-കർഷകർക്ക് ആനുകൂല്യങ്ങൾ നൽകിയതിലെ അപാകത</u>

നിർവഹണം- കൃഷി ഓഫീസർ,

പ്രൊജക്ട് നമ്പർ- S0005/21, വകയിരുത്തിയ തുക –5,95,000

ചെലവു തുക-

| | | |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 2,97,500 രൂപ | ബിൽനമ്പർ 2/20-21 തി 06.11.20 |
| ജില്ലാപഞ്ചായത്ത് | 1,48,750 രൂപ | ബിൽനമ്പർ 17/20-21 തി 16.02.21 |
| ബ്ലോക്ക് പഞ്ചായത്ത് | 1,48,750 രൂപ | ബിൽനമ്പർ 20/20-21 തി 28.02.21 |
| ആകെ | 5,95,000 രൂപ | |

പ്രൊജക്ട് പ്രകാരം ഗ്രാമപഞ്ചായത്തിലെ നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 17,000 രൂപ വീതം കൂലി ചെലവ് സബ്സിഡി ഇനത്തിൽ 35 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്തതിന് ഗ്രാമ സഭാ ലിസ്റ്റിൽ പെട്ട 221 ഗുണഭോക്താക്കൾക്ക് 5,95,000 രൂപ വിതരണം ചെയ്തിട്ടുണ്ട്. സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് ട്രാൻസ്ഫർ ചെയ്തതിന്റെ രേഖകൾ മാത്രമെ പരിശോധനക്ക് ലഭ്യമായിട്ടുള്ളു. ഗുണഭോക്താക്കളുടെ നെൽകൃഷി ചെയ്യുന്ന ഭൂമി സംബന്ധിച്ച രേഖകൾ, വിള ഇൻഷൂർ ചെയ്തതിന്റ രേഖകൾ എന്നിവയൊന്നും പരിശോധനക്ക് ലഭ്യമാക്കിയില്ല. ആനുകൂല്യം

കൈപറ്റിയ ഗുണഭോക്താക്കളുടെ നെൽകൃഷി സംബന്ധിച്ച രേഖകൾ, വിള ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ എന്നിവ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം-10തീയ്യതി 27-7-2021). രേഖകൾ ഹാജരാക്കുന്നതുവരെ 5,95,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-19 കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ കണ്ടിജന്റ് ചെലവുകൾക്കായി മുൻകൂർ-അക്കൗണ്ടിങ്ങിലെ അപാകതകൾ.

ഗ്രാമ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ചെലവുകൾക്കായി 2020-21 വർഷം മുതൽ പഞ്ചായത്ത് മുൻകൂറായി തുകകൾ അനുവദിച്ചു വരുന്നുണ്ട്. സ.ഉ. (കൈ) നം. 22/2018/ ത.സ്വ.ഭ.വ തി: 14-2-2018 പ്രകാരമുള്ള പദ്ധതി മാർഗരേഖയുടെ ക്രമ നം. 8.8 പ്രകാരം ഇപ്രകാരം നിർവഹണ ഉദ്യോഗസ്ഥർക്ക് മുൻകൂർ അനുവദിക്കാവുന്നതാണ്.

2020-21 വർഷം ഈയിനത്തിലെ ലെഡ്ജർ വിവരങ്ങളുടെ സംഗ്രഹം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,22,937 |
| തൻ വർഷം നല്കിയത് | 95,000 |
| ആകെ | 2,17,937 |
| ക്രമീകരിച്ചത് | 43,631 |
| നീക്കി ബാക്കി | 1,74,306 |

ഇതുമായി ബന്ധപ്പെട്ട അപാകതകൾ താഴെക്കൊടുക്കുന്നു.

1) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 32 പ്രകാരം ഇങ്ങനെ നല്കിയ മുൻകൂർ തുക ചെലവായി കഴിയുമ്പോൾ ആയതിന്റെ രേഖകൾ സമർപ്പിച്ച് അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. നിശ്ചിത തീയതിക്കകം ക്രമീകരിക്കാത്ത തുകകൾ പലിശ സഹിതം തിരിച്ചീടാക്കാൻ സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതുമാണ്. എന്നാൽ തൻവർഷം ബാക്കി നിൽക്കുന്ന തുകകൾ ക്രമീകരിച്ചിട്ടില്ല.

2) 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 16 (1) പ്രകാരം ഓരോ നിർവഹണ ഉദ്യോഗസ്ഥനും TR 7A കാഷ് ബുക്ക് സൂക്ഷിക്കേണ്ടതും, എല്ലാ സ്രോതസ്സിൽ നിന്നുമുള്ള പണമിടപാടുകളും രേഖപ്പെടുത്തേണ്ടതുമാണ്. വ്യത്യസ്ത പഞ്ചായത്തുകളുടെ നിർവഹണം നടത്തുന്നുണ്ടെങ്കിൽ, ഓരോ പഞ്ചായത്തിനെയും സംബന്ധിച്ച ഇടപാടുകൾ രേഖപ്പെടുത്താൻ പ്രത്യേകം സബ്സിഡിയറി രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ, നിർവഹണ ഉദ്യോഗസ്ഥർ കണ്ടിജന്റ് ചെലവിനായി തങ്ങൾക്ക് ലഭിച്ച തുകകൾ, അവ ലഭിച്ച തിയ്യതിയിൽ കാഷ് ബുക്കിൽ വരവു കാണിക്കുകയും അന്നേ ദിവസം തന്നെ ബാങ്കിൽ നിക്ഷേപിച്ചതായി ചെലവു കാണിച്ച് ക്ലോസിംഗ് ബാലൻസിൽ നിന്നും നീക്കം ചെയ്യുകയും ചെയ്തതായി കാണുന്നു. ഇതു ക്രമത്തിലല്ല. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽ തുടർന്നു വരുന്ന ഡബിൾ എൻട്രി അടിസ്ഥാനത്തിലുള്ള അക്രൂവൽ അക്കൗണ്ടിങ്ങ് സമ്പ്രദായത്തിൽ കാഷ് ബുക്ക്, ബാങ്ക് ബുക്ക്, ജേണൽ ബുക്ക് തുടങ്ങിയ അക്കൗണ്ട് പുസ്തകങ്ങൾ സൂക്ഷിക്കുമ്പോൾ മാത്രമേ ബാങ്കിൽ പണം നിക്ഷേപിക്കുമ്പോൾ കാഷ് ബുക്കിൽ ചെലവു കാണിക്കാൻ പറ്റുകയുള്ളൂ. മറ്റു സർക്കാർ ഓഫീസുകളിൽ കാഷ് അടിസ്ഥാനത്തിലുള്ള സിംഗിൾ എൻട്രി അക്കൗണ്ടിങ്ങാണ് പാലിക്കുന്നതെന്നതിനാൽ, ഉദ്യോഗസ്ഥന്റെ പേരിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടിലേയും നീക്കിയിരുപ്പ് തുകയും, സ്ഥിരം മുൻകൂർ (PA) തുകയും കാഷ് ബുക്കിൽ നീക്കിയിരുപ്പ് തുകയായി രേഖപ്പെടുത്തേണ്ടതാണ്.

3) ടി അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 16(3) പ്രകാരം നിർവഹണ ഉദ്യോഗസ്ഥർ തൊട്ടടുത്തമാസം 5-ാം തിയ്യതിക്ക് മുമ്പായി അലോട്ട്മെന്റുകളുടെ ചെലവു സ്റ്റേറ്റ്മെന്റ് സെക്രട്ടറിക്ക് നൽകേണ്ടതാണ്. ഇത്തരം നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. ഇക്കാര്യങ്ങൾ നിർവഹണ ഉദ്യോഗസ്ഥരുടെയും സെക്രട്ടറിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

1-20 ഹോമിയോ ഡിസ്പൻസറിക്ക് മരുന്ന് - മുൻകൂർ പണമടച്ച് ഒരു വർഷമായിട്ടും മരുന്ന് ലഭ്യമാക്കിയില്ല.

2,00,000/- രൂപ മെയിന്റനൻസ് ഫണ്ട്-നോൺ റോഡ് വകയിരുത്തിയ പ്രൊജക്റ്റ് നം. 102/21 പ്രകാരം, ഗ്രാമപഞ്ചായത്ത് ഹോമിയോ ഡിസ്പൻസറിക്ക് മരുന്നുകൾ വാങ്ങുന്നതിന് 2020-21 വർഷം 2,00,000/- ചെലവഴിച്ചിട്ടുണ്ട്. (ബിൽനം -1/ 22.09.2020) കാസർഗോഡ് ഡി.എം.ഓ. (ഹോമിയോ)-യുടെ നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്. ഫാർമസി ലിമിറ്റഡ് (ഹോംകോ) യ്ക്ക് ഓർഡർ നല്കുകയും (പ്രഫോർമ ഇൻവോയ്സ് നം.PF-99/ 13.06.2020) 2,00,000/- രൂപ മുൻകൂറായി നല്കുകയും ചെയ്തു (രസീത് നം. 3197/Dt.17.10.2020). മുൻകൂറായി പണമടച്ച് ഒരു വർഷമായിട്ടും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നിന്റെ ലഭ്യതയില്ലായ്മ ഡിസ്പൻസറിയെ ആശ്രയിക്കുന്ന രോഗികൾക്ക് യഥാസമയം സേവനം ലഭിക്കുന്നതിന് തടസ്സമുണ്ടാക്കുന്നതാണ്. ആയതിനാൽ സമയബന്ധിതമായി മരുന്നു ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-21 എസ്.എസ്.എ വിഹിതം നൽകൽ - വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നം. | 61/2020 |
| പ്രോജക്റ്റിന്റെ പേര് | എസ്.എസ്.എ വിഹിതം നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി.യു.പി.സ്കൂൾ പടന്ന |
| അടങ്കൽ | 5,00,000/- വികസന ഫണ്ട്, ജനറൽ |
| ചെലവ് തുക | 5,00,000/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയ്യതി | 03/2020-21, തീയ്യതി 28/09/2020 |

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ എസ്.എസ്.എ. വിഹിതം നൽകൽ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും ബിൽ നമ്പർ 03/2020-21 തീയ്യതി 28/09/2020 പ്രകാരം 5,00,000/- രൂപ എസ്.എസ്.എ. കാസറഗോഡ് ജില്ലാ പ്രൊജക്റ്റ് ഓഫീസറുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പദ്ധതിക്കായി പിൻവലിച്ച 5,00,000/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ചെലവ് തുക 5,00,000/-രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (26.07.2021 തീയ്യതി നൽകിയ ഓഡിറ്റ് എൻക്വയറി നം. 04/20-21 )

## 1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് വിതരണം - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 63/2020 |
| പ്രോജക്ടിന്റെ പേര് | പട്ടിക ജാതിയിൽ പ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി.യു.പി.സ്കൂൾ പടന്ന |
| അടങ്കൽ | 2,10,000/- വികസന ഫണ്ട്, എസ്.സി.പി. |
| ചെലവ് തുക | 1,92,220/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയ്യതി | 06/2020-21, തീയ്യതി 26/02/2021 |

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകൽ പദ്ധതിക്കായി വികസന ഫണ്ടിൽ (എസ്.സി.പി) നിന്നും ബിൽ നമ്പർ 06/2020-21 തീയ്യതി 26/02/2021 പ്രകാരം 1,92,220/-രൂപ ചെലവഴിച്ചിട്ടുണ്ട്. കേരള സംസ്ഥാന ഐ.ടി. മിഷൻ മുഖേന കെൽട്രോണിൽ നിന്നും പ്രൊഫോർമ ഇൻവോയ്സ് നം. Tvm/ITBG /PI/RC/ 22025/ 20-21 പ്രകാരം 7 ലാപ് ടോപ്പുകൾ വാങ്ങി ഗുണഭോക്താക്കളായ പട്ടികജാതി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യുകയുണ്ടായി. ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേര് |
|---|---|
| 1 | സൗമ്യ കെ |
| 2 | അമ്മു ടി |
| 3 | അപർണ്ണ ടി |
| 4 | മനേഷ് ടി |
| 5 | ജസിൻ പി |
| 6 | വിഷ്ണു ദാസ് സി |
| 7 | ജ്യോതിക ജയൻ |

പ്രൊജക്ട് നടപ്പിലാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) നിലവിൽ ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, പട്ടികജാതി വികസന വകുപ്പ് എന്നിവ മുഖേന സമാനമായ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ആയതിനാൽ ഗുണഭോക്താക്കൾക്ക് മേൽ സ്ഥാപനങ്ങളിൽ നിന്നും ലാപ് ടോപ്പ് ലഭിച്ചിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ബന്ധപ്പെട്ട പട്ടികജാതി

വികസന വകുപ്പ് ഓഫീസറിൽ നിന്നും ലഭ്യമാക്കി അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതുണ്ട്. എന്നാൽ ഗുണഭോക്താക്കൾക്ക് ആരും തന്നെ പ്രസ്തുത സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

2) സ്റ്റോക്ക് രജിസ്റ്ററിൽ ലാപ് ടോപ്പുകൾ ലഭിച്ചതിന്റേയോ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തതിന്റേയോ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

3) കെൽട്രോണിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സ് നം. Tvm/ ITBG/ PI/RC/ 22025/ 20-21 പ്രകാരം 1,92,220/-രൂപ കേരള സംസ്ഥാന ഐ.ടി.മിഷനു കൈമാറിയിട്ടുണ്ട്. എന്നാൽ ആയതിന്റെ ടാക്സ് ഇൻവോയ്സ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

പ്രൊജക്ട് തുക ചെലവഴിച്ചതുമായി ബന്ധപ്പെട്ട് മേൽ ചൂണ്ടികാണിച്ച അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ചെലവ് തുക 1,92,220/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (26.07.2021 തീയ്യതി നൽകിയ ഓഡിറ്റ് എൻക്വയറി നം.03/20-21)

## 1-23 പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഫർണ്ണിച്ചർ - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | 114/2020 |
| പ്രോജക്ടിന്റെ പേര് | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശയും കസേരയും |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ ജി.യു.പി.സ്കൂൾ, പടന്ന |
| അടങ്കൽ | 1,83,680/-രൂപ വികസന ഫണ്ട് (എസ്.സി.പി.) |
| ചെലവ് തുക | 1,83,680/-രൂപ |
| ട്രഷറി ബിൽ നമ്പർ, തീയ്യതി | 02/2020-21 തീയ്യതി 18.03.2021 |

ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികൾക്ക് മേശയും കസേരയും നൽകൽ പദ്ധതിക്കായി വികസന ഫണ്ടിൽ (എസ്.സി.പി.) നിന്നും ബിൽ നമ്പർ 02/2020-21 തീയ്യതി 18/03/2021 പ്രകാരം 1,83,680/- രൂപ ചെലവഴിച്ചിട്ടുണ്ട്. വിജയ് സ്റ്റീൽ ഇൻഡസ്ട്രീസ്, കിഴക്കുംകര കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചുകൊണ്ട് ഇൻവോയ്സ് നമ്പർ 85 തീയ്യതി 05/03/2020 പ്രകാരം 56 സ്റ്റീൽ മേശകളും 56 കസേരകളുമാണ് പദ്ധതിക്കായി വാങ്ങിയത്. ഈ പദ്ധതി നടപ്പിലാക്കിയതിൽ താഴെപ്പറയുന്ന അപാകതകൾ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്.

1) ഫർണിച്ചറുകൾ വാങ്ങിയ സ്ഥാപനവുമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ചമച്ചിട്ടുള്ള കരാറിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. കരാറിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തി പൂർണ്ണമാക്കിയ ശേഷം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

2) ഈ പദ്ധതിക്ക് പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവ ടെണ്ടർ അംഗീകരിച്ചത്, ലഭ്യമാക്കിയ ഫർണിച്ചറുകൾ ഗുണനിലവാരം പരിശോധിച്ചത്, മോണിറ്ററിംഗ് റിപ്പോർട്ട് എന്നീ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

തുക ചെലവഴിച്ചതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുവരെ ചെലവ് തുക 1,83,680/- രൂപ ഓഡിറ്റിൽ തടസ്സത്തിൽ വെക്കുന്നു. (26.07.2021 തീയ്യതി നൽകിയ ഓഡിറ്റ് എൻക്വയറി നം.02/20-21)

## 1-24 ആർജിത അവധി സറണ്ടർ അനുവദിച്ചതിലെ- അപാകത.

05.11.2020 ലെ ജി.ഒ (പി)നം 152/2020/ധന പ്രകാരം സർക്കാർ ജീവനക്കാരുടെ 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതു സംബന്ധിച്ച് സർക്കാർ ചില നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഇപ്രകാരം ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ വരുന്നതിനു മുൻപേ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 01.06.2021ലെ ഉത്തരവ് നമ്പർ എ1-1653/2021/എസ്.സി2 പ്രകാരം ചുവടെ പരാമർശിക്കുന്ന ജീവനക്കാർക്ക് 4,61,007/- രൂപ ആർജിത അവധി സറണ്ടർ അനുവദിച്ചിട്ടുണ്ട്. വൗച്ചർ നമ്പർ 22100181/01.06.2021 പ്രകാരം ഈ തുക ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും മാറിയിട്ടുണ്ട്.

| ക്രമ നം | ജീവനക്കാരന്റെ പേര്, തസ്തിക. | ആർജിത അവധി സറണ്ടർ ഇനത്തിൽ അനുവദിച്ച തുക. |
|---|---|---|
| 1 | വിനയരാജ് കെ, അസിസ്റ്റന്റ് സെക്രട്ടറി | 61,272 |
| 2 | മധു കുമാർ വി, ഹെഡ് ക്ലാർക്ക് | 55,722 |
| 3 | റീന ലക്ഷ്മണൻ, അക്കൗണ്ടന്റ് | 54,390 |
| 4 | അനിൽ കുമാർ പി.വി, സീനിയർ ക്ലാർക്ക് | 49,395 |
| 5 | സന്ധ്യ എം, സീനിയർ ക്ലാർക്ക് | 42,513 |
| 6 | ജ്യോതിലക്ഷ്മി, ക്ലാർക്ക് | 42,513 |
| 7 | രതി കെ.വി., ക്ലാർക്ക് | 34,521 |
| 8 | ഷൈജു കെ., ക്ലാർക്ക് | 31,909 |
| 9 | വിശാലാക്ഷി ടി., ക്ലാർക്ക് | 31,909 |
| 10 | രജിത ടി., ഓഫീസ് അറ്റൻഡന്റ് | 30,304 |
| 11 | സജീവൻ കെ.വി., ഫുൾ ടൈം ലൈബ്രേറിയൻ | 26,559 |
| | ആകെ | 4,61,007/- രൂപ |

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ട്രഷറി വകുപ്പ് ഡയറക്ടറുടെ 31.05.2021ലെ കത്ത് നമ്പർ TRY/1850/2021-E1 പ്രകാരം വിവരിച്ചിട്ടുണ്ട്.ഇതു പ്രകാരം

ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ പുതുക്കിയ നിർദ്ദേശങ്ങൾ ലഭിച്ചതിനുശേഷം മാത്രമേ സംസ്ഥാന സർക്കാർ ജീവനക്കാർ ജീവനക്കാരുടെ സറണ്ടർ ബില്ലുകൾ പരിഗണിക്കേണ്ടതുള്ളൂ എന്ന നിർദ്ദേശം ഉണ്ട്. ഇതിന്റെയടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്ക് 2021-2022 സാമ്പത്തിക വർഷത്തെ സറണ്ടർ അനുവദിച്ചിട്ടില്ല.

26.07.2021 ലെ ജി.ഒ (പി)നം 104/2021/ധന പ്രകാരം സർക്കാർ കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ സർക്കാർ ജീവനക്കാരുടെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതിന് ഏർപ്പെടുത്തിയ നിയന്ത്രണങ്ങൾ 01.06.2021 മുതൽ 6 മാസത്തേക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

2021-2022 സാമ്പത്തിക വർഷത്തെ ആർജിത അവധി സറണ്ടർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിൽ നിന്നും തുടർ നിർദ്ദേശങ്ങൾ ലഭിക്കുന്നതിനു മുൻപുതന്നെ ഗ്രാമ പഞ്ചായത്തിലെ ജീവനക്കാർക്ക് ആർജിത അവധി സറണ്ടർ അനുവദിച്ചതിന് വിശദീകരണം ആവശ്യമാണ്. (ഓഡിറ്റ് എൻക്വയറി നം. 7 തിയതി 27.07.2021).

## 1-25 ഉദിനൂർ ശ്മശാനം ആധുനിക വൽക്കരണം-പദ്ധതിയുടെ നിർവഹണം നടത്തിയ അക്രഡിറ്റ് ഏജൻസിക്ക് കരാറുകാരന്റെ ലാഭവിഹിതം അനുവദിച്ചു- അധികം നൽകിയ തുക തിരികെ ഈടാക്കണം.

നിർവ്വഹണോദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ.

| | |
|---|---|
| പ്രൊജക്ട് നം. | എസ്.ഒ.205/20 & 139/21 (ഉദിനൂർ ശ്മശാനം ആധുനിക വൽക്കരിക്കൽ) |
| അടങ്കൽ | 35 ലക്ഷം രൂപ [10 ലക്ഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 10 ലക്ഷം ബ്ലോക്ക് പഞ്ചായത്ത് വിഹിതം + 15 ലക്ഷം ജില്ലാ പഞ്ചായത്ത് വിഹിതം] |
| എസ്റ്റിമേറ്റ് | ₹ 35,00,000/- (EST NO:2019/9684) |
| സാങ്കേതികാനുമതി | ₹ 35,00,000/- No. SILK/ TS/ SBUA/ 2019-20/ 160 Dated 06.09.2019, മാനേജിംഗ് ഡയറക്ടർ, സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, അത്താണി, തൃശ്ശൂർ. |
| എം. ബുക്ക് നം. | SILK/ SBUA/ M/KNR/ 42-2019-20 |
| ആകെ അളവ് മൂല്യം | ₹28,82,083 /- (GST വിഹിതം, സെന്റേജ് ചാർജ് എന്നിവ ഉൾപ്പെടെ ₹ 35,00,000/-) |
| നിർവ്വഹണ ഏജൻസി. | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ്, (SILK). |
| എഗ്രിമെന്റ് നമ്പർ | 01/AE/LSGD/PDN/2019-20 Dated 23.09.2019 |

പടന്ന ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഉദിനൂർ ശ്മശാനം എൽ. പി. ജി സംവിധാനം ആധുനിക വൽക്കരിക്കുന്നതിനുള്ള ഈ പദ്ധതി അക്രഡിറ്റ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് (SILK) മുഖേനയാണ് നടപ്പാക്കിയത്. പദ്ധതിയ്ക്കായി വാതക ശ്മശാനം സ്ഥാപിക്കുന്നതിനും മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി DSR 2016 (Cost Index 32.04%) പ്രകാരം 32,27,932/- രൂപയുടെ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ SILK തയ്യാറാക്കുകയും ആയതിന് SILK-ന്റെ സാങ്കേതിക സമിതി പരിശോധിച്ച് സാങ്കേതികാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. PRICE സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ (EST NO:2019/9684) വിശദാംശം ചുവടെ വിവരിക്കുന്നു.

| Si No | Description | Quantity | Rate | Amount |
|---|---|---|---|---|
| 1 | LPG Crematorium Supply Errection Etc. | Lump Sum | | 1853087.00 |
| 2 | Waste Water System | Lump Sum | | 5000.00 |
| 3 | Supply Of 15 KVA 3 Phase Industrial Purpose Diesel Generator | Lump Sum | | 334820.00 |
| 4 | Compound Wall ( Laterie Masonry Work- Code 50.6.7.2) | 1.825 Cum | 6725.08/Cum | 12273.27 |
| 5 | Providing And Fixing 4m Wide Gate And Accessories | Lump Sum | | 50000.00 |
| 6 | Interlocking (Providing And Laying 60mm Thick Factory Made Cement Concrete Interlocking Paver Block M-30- Code 16.68) | 222 Sqm | 812.97/Sqm | 180479.34 |
| 7 | General Electrification | Lump Sum | | 118668.00 |
| 8 | Supply And Fixing 1 HP Monoblock Pump And Accessories | Lump Sum | | 20000.00 |
| 9 | Chimney Foundation | Lump Sum | | |
| | 1)Earth Work Escavation (Code 2.8.1) | 25.2 Cum | 219.71/Cum | 5536.69 |

| | | | | |
|---|---|---|---|---|
| | 2) Providing And Laying In Position Cement Concrete 1:4:8 (Code4.1.8) | 1.35 Cum | 5912.95/Cum | 7982.48 |
| | 3) Laterie Masonry Work- Code 50.6.7.1 | 4.313 Cum | 6231.04/Cum | 26874.48 |
| | 4) Providing And Laying In Position Specified Graded Of RCC 1:1.5:3- Code 5.1.2 | 11.8 Cum | 8206.75/Cum | 96839.65 |
| | 5) Steel Reiforcement For RCC- Code 5.22.6 | 148.057 Kg | 74.73/Kg | 11064.30 |
| 10 | ABC 6Kg Fire Extinguishers | Lump Sum | | 10000.00 |
| 11 | Fabrication And Fixing Of Sign Board | Lump Sum | | 9500.00 |
| 12 | LPG Gas Cylinder (10 Nos) | Lump Sum | | 30000.00 |
| 13 | Electrical And Plumping Work For Crematorium Machinery | Lump Sum | | 60000.00 |
| 14 | Roofing Sheet ( Providing And Fixing Precoated GI Profile Sheet- Code 12.50) | 6.82 Sqm | 726.75/Sqm | 4956.44 |
| | Total | | | 2882082.00 |
| | (+) GST @ 12.0%) | | | 345850.00 |
| | Grand Total | | | 3227932.00 |

(മേൽ പറഞ്ഞ പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് SILK-ന്റെ മെക്കാനിക്കൽ എഞ്ചിനീയർ, സിവിൽ എഞ്ചിനീയർ, ഇലക്ട്രിക്കൽ എഞ്ചിനീയർ എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.)

പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ ( SILK/SBUA/M/KNR/42-2019-20) പേജ് 13 മുതൽ 15 വരെയായി വിവിധയിനം പ്രവൃത്തികളുടെ അളവും നിരക്കും തുകയും രേഖപ്പെടുത്തിക്കൊണ്ടുള്ള ബില്ല് തയ്യാറാക്കിയിട്ടുണ്ട്. പ്രവൃത്തിയുടെ അളവുകൾ രേഖപ്പെടുത്തിയതും ചെക്ക് മെഷർമെന്റ് ചെയ്തതും SILK-ന്റെ എഞ്ചിനീയർമാരാണ്. എസ്റ്റിമേറ്റിൽ പറഞ്ഞ വിവിധയിനം പ്രവൃത്തികൾ (ക്രമ നമ്പർ 1 മുതൽ 14 വരെ) അതേ അളവിൽ മെഷർമെന്റ് ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എം ബുക്ക് പ്രകാരം 28,82,082/-രൂപയുടെ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. ആയതിന്റെ കൂടെ 12% GST (₹ 3,45,850/-) , 8% സെന്റേജ് ചാർജും (₹ 2,30,567/-), സെന്റേജ് ചാർജിൻമേലെ 18% GST(₹ 41,502/-)യും ചേർത്ത് ആകെ 35,00,000/- രൂപയുടെ ബില്ല് തയ്യാറാക്കി SILK ഗ്രാമ പഞ്ചായത്തിന് നൽകി.

മേൽ വിശദീകരിച്ച പ്രകാരം SILK തയ്യാറാക്കി നൽകിയ ബില്ലിൽ നിന്നും നികുതികൾ ഈടാക്കി ചുവടെ വിവരിക്കും പ്രകാരം 33,25,000/- രൂപ ഗ്രാമ പഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ പദ്ധതിയുടെ അക്രഡിറ്റ് ഏജൻസിയായ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന് (SILK) നൽകിയിട്ടുണ്ട്.

| | |
|---|---|
| ബിൽ തുക | ₹ 35,00,000/- |
| (-) ആദായ നികുതി @ 1% | ₹ 35,000/- |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1% | ₹ 35,000/- |
| (-) CGST @ 1% | ₹ 35,000/- |
| (-) SGST @ 1% | ₹ 35,000/- |
| (-) പ്രവൃത്തി കാലാവധിക്കുള്ളിൽ തീർക്കാത്തതിന്റെ പിഴ @ 1% | ₹ 35,000/- |
| SILK -ന് നല്കിയ തുക | ₹ 33,25,000/- |

പദ്ധതിക്കായി ട്രഷറിയിൽ നിന്നും പിൻവലിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ബിൽ റഫറൻസ് നംമ്പർ/തീയതി | ബിൽ തുക | SILK -ന് നല്കിയ തുക |
|---|---|---|
| 20200352006400262041/18.06.2020 | ₹ 10,00,000/- | ₹ 10,00,000/- |
| 20200352006400331355/14.07.2020 | ₹ 3,54,413/ | ₹ 3,19,413/ |
| 20200352006400473930/27.08.20 | ₹ 6,45,587/- | ₹ 6,45,587/- |
| 20200352006460535701/23.09.2020 | ₹ 15,00,000/- | ₹ 13,60,000/- |
| ആകെ | ₹ | ₹ 33,25,000/- |

| | | |
|---|---|---|
| | 35,00,000/- | |

ഈ പ്രവൃത്തിക്കായി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് PRICE സോഫ്റ്റ്‌വെയർ മുഖേന തയ്യാറാക്കിയ എസ്റ്റിമേറ്റിൽ (EST NO:2019/9684) 10% കരാറുകാരന്റെ ലാഭം (10% CP) ഉൾപ്പെട്ടിട്ടുണ്ട്. 25.07.2017 ലെ ജി.ഒ.(പി) നം 95/2017/ഫിൻ പ്രകാരം അക്രഡിറ്റ് ഏജൻസികൾ ടെണ്ടറിൽ പങ്കെടുത്ത് പ്രവൃത്തികൾ ലഭിക്കുന്നവെങ്കിൽ മാത്രമാണ് കരാറുകാരന്റെ ലാഭം (CP) എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. അക്രഡിറ്റ് ഏജൻസികളെ നേരിട്ട് എൽപ്പിക്കുന്ന പ്രവൃത്തികൾക്ക് കരാറുകാരന്റെ ലാഭം (CP) അനുവദനീയമല്ല. അക്രഡിറ്റ് ഏജൻസികൾ നേരിട്ട് ഏറ്റെടുക്കുന്ന പ്രവർത്തികളിൽ ഓവർഹെഡ് ചാർജ്ജും സെന്റേജ് ചാർജ്ജും എസ്റ്റിമേറ്റുതുകയുടെകൂടെ അനുവദനീയമാണ്. ഈ പ്രവൃത്തി ഏറ്റെടുത്തു നടപ്പാക്കുന്നതിനായി സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിനെ നേരിട്ട് ഏൽപ്പിക്കുയാണുണ്ടായത്. ആയതിനാൽ കരാറുകാരന്റെ ലാഭം (CP) ഈ പ്രവൃത്തിയിൽ അനുവദനീയമല്ല. എന്നാൽ എസ്റ്റിമേറ്റിൽ 10% കരാറുകാരന്റെ ലാഭം (CP) തെറ്റായി അനുവദിച്ചതുമൂലം 3,18,180/- രൂപയുടെ അധിക ചെലവ് ഗ്രാമ പഞ്ചായത്തിന് ഉണ്ടായിട്ടുണ്ട്. പ്രവൃത്തി ചെയ്തതിന് സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിന് യഥാർത്ഥത്തിൽ അനുവദിക്കേണ്ടുന്ന തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആകെ പ്രവൃത്തിമൂല്യം | ₹ 26,20,075/-<br>(₹ 28,82,082 X 100/110) |
| (+) 12% GST | ₹ 3,14,409/- |
| (+) 8 % സെന്റേജ് ചാർജ്ജ് | ₹ 2,09,606/- |
| (+) 18% GST On Centage Charges | ₹ 37,729/- |
| ആകെ | ₹ 31,81,819/- |
| (-) ആദായ നികുതി @ 1.5% | ₹ 47,727/- |
| (-) നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം @ 1% | ₹ 31,818/- |
| (-) CGST @ 1% | ₹ 31,818/- |
| (-) SGST @ 1% | ₹ 31,818/- |
| (-) പ്രവൃത്തി കാലാവധിക്കുള്ളിൽ തീർക്കാത്തതിന്റെ പിഴ @ 1% | ₹ 31,818/- |
| SILK -ന് യഥാർത്ഥത്തിൽ നൽകേണ്ടിയിരുന്ന തുക | ₹ 30,06,820/- |
| SILK -ന് നല്കിയ തുക | ₹ 33,25,000/ |
| അധികം നല്കിയ തുക | ₹ 3,18,180/- |

`പ്രവൃത്തിയ്ക്കായ് അധികം ചെലവഴിച്ച 3,18,180/- രൂപ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ Lump Sum Provision രേഖപ്പെടുത്തിയ ഇനം പ്രവത്തികളുടെ ബില്ലുകൾ സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് ഗ്രാമ പഞ്ചായത്തിന് നൽയിട്ടില്ല. Lump Sum Provision രേഖപ്പെടുത്തിയ ഇനം പ്രവത്തികളുടെ ബില്ലുകൾ ലഭ്യമാക്കി എം ബുക്ക് പ്രകാരം നൽകിയ തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-26 ഒരേ റോഡ് പ്രവൃത്തി മുറിച്ച് വ്യത്യസ്ത പ്രൊജക്റ്റുകളായി നിർവ്വഹണം നടത്തുന്നു.

2020-2021 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ ഓരി തെക്ക് കൽവർട്ട് റോഡ് ടാറിംഗ് പ്രവൃത്തിയുടെ ആദ്യത്തെ 123 മീറ്റർ ചെയ്തത് പ്രൊജക്റ്റ് നം 132/21 പ്രകാരവും ശേഷിക്കുന്ന ഭാഗം (123 മീറ്റർ മുതൽ 230 മീറ്റർ വരെ) മറ്റൊരു പ്രൊജക്റ്റ് (നം 141/21) പ്രകാരവുമാണ്.

| | | |
|---|---|---|
| പ്രവൃത്തിയുടെ പേര്, | ഓരി തെക്ക് കൽവർട്ട് റോഡ് ടാറിംഗ് ( പ്രൊജക്റ്റ് നമ്പർ. 188/20 & 133/21) | ഓരി തെക്ക് കൽവർട്ട് റോഡ് ടാറിംഗ് രണ്ടാം ഘട്ടം ( |

| | | |
|---|---|---|
| പ്രൊജക്ട് നമ്പർ. | | പ്രൊജക്ട് നമ്പർ. 216/20 & 141/21) |
| അടങ്കൽ, ഫണ്ട്. | 3ലക്ഷം രൂപ [മെയിന്റനൻസ് ഫണ്ട് (റോഡ്)] | 4.75ലക്ഷം രൂപ (ധനകാര്യ കമ്മീഷൻ അവാർഡ് ) |
| എസ്റ്റിമേറ്റ്. | 3 ലക്ഷം, EST NO: 2019/ 53230 | 4.75ലക്ഷം, EST NO: 2020/3890 |
| ചെയിനേജ് | 0/000km മുതൽ 0/123km വരെ | 0/123km മുതൽ 0/230km വരെ |
| കരാറുകാരന്റെ പേര് | വി.വി. മനോജൻ. | എം.വി. കുഞ്ഞികൃഷ്ണൻ |
| ടെണ്ടർ നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് | എസ്റ്റിമേറ്റ് നിരക്ക് |
| പ്രവൃത്തിയ്ക്കായി ചെലവഴിച്ച തുക | ₹ 2,98,015/- (ബിൽ നം 407992/ 14.08.2020) | ₹ 4,74,510/-/- (ബിൽ നം 60786/ 20.05.2020 & 713769/ 13.11.2020) |

ഗ്രാമ പഞ്ചായത്ത് തൻവർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ ഭൂരിഭാഗവും സാധാരണ ടെണ്ടർ (പോസ്റ്റൽ ടെണ്ടർ) മുഖേനയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. സാധാരണ ടെണ്ടർ മുഖേന നടപ്പാക്കിയ പ്രവൃത്തികളിൽ മത്സരാധിഷ്ഠിത ടെണ്ടർ നടന്നിട്ടില്ല (എല്ലാ പ്രവൃത്തികളുടെയും ടെണ്ടറിൽ 2 വീതം കരാറുകാർ മാത്രമാണ് പങ്കെടുക്കുന്നത്). സാധാരണ ടെണ്ടർ മുഖേന നടപ്പാക്കിയവയെല്ലാം എസ്റ്റിമേറ്റ് നിരക്കിലാണ് ടെണ്ടർ ചെയ്തിരിക്കുന്നത്. എന്നാൽ ഇ -ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ പ്രവൃത്തികളിൽ നല്ല രീതിയിലുള്ള മത്സരം നടന്നിട്ടുണ്ട്. മേൽ പരാമർശിച്ച ഓരി തെക്ക് കൽവർട്ട് റോഡ് ടാറിംഗ് പ്രവൃത്തിയുടെ രണ്ട് പദ്ധതികളും 5 ലക്ഷം രൂപയിൽ കുറവ് അടങ്കലുള്ള സാധാരണ ടെണ്ടർ (പോസ്റ്റൽ ടെണ്ടർ) മുഖേനയാണ് നിർവ്വഹണം നടത്തിയിരിക്കുന്നത്. എന്നാൽ രണ്ട് പദ്ധതികളും സംയോജിപ്പിച്ച് ഒറ്റ പ്രവൃത്തിയായി നടപ്പാക്കിയിരുന്നെങ്കിൽ പദ്ധതി ഇ-ടെണ്ടർ ചെയ്യാവുന്നതും അതുവഴി ഗ്രാമ പഞ്ചായത്തിന് ഒരു തുക മിച്ചം പിടിക്കാൻ സാധിക്കുമായിരുന്നു.

തീരെ ചെറിയ നീളത്തിലുള്ള ഒരു പ്രവൃത്തിക്കുവേണ്ട നടപടിക്രമങ്ങൾ മറ്റ് പ്രവൃത്തികൾക്ക് തുല്യമാണ്. ഇപ്രകാരം ചെറിയ നീളത്തിൽ റോഡ് പ്രവൃത്തി ചെയ്യുന്നതുകൊണ്ട് പൊതുജനങ്ങൾക്ക് കാര്യമായ പ്രയോജനം ലഭിക്കുന്നില്ല. ആയതിനാൽ ഇങ്ങനെയുള്ള പ്രവൃത്തികൾക്ക് മത്സരാധിഷ്ഠിത ടെണ്ടർ ഉണ്ടാകുന്നില്ല. റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കി പദ്ധതികളുടെ ആവശ്യകത നിർണ്ണയിച്ച് മുൻഗണനാ ക്രമത്തിൽ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ഭാവിയിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ ഇത്തരത്തിലുള്ള അപാകതകൾ ഒഴിവാക്കേണ്ടതാണ്.

വാർഡ് അടിസ്ഥാനത്തിൽ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന പ്രവണ ഒഴിവാക്കി ഗ്രാമപഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും സുപ്രധാന പങ്ക് വഹിക്കാൻ കഴിയുന്ന വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഇടപെടൽ ഇക്കാര്യത്തിലാവശ്യമാണ്.

1-27 മത്സ്യബന്ധന മേഖല- പദ്ധതികളൊന്നും നടപ്പാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 1, 6, 13, 14 എന്നീ വാർഡുകൾ തീരദേശ വാർഡുകളാണ്. ഈ പ്രദേശങ്ങളിൽ ഏകദേശം മത്സ്യ ബന്ധന മേഖലയിൽ ജോലി ചെയ്തുവരുന്ന മുന്നൂറോളം കുടുംബങ്ങൾ അധിവസിക്കുന്നുണ്ട്. 2019-2020, 2020-2021 എന്നീ സാമ്പത്തിക വർഷത്തിൽ മത്സ്യ ബന്ധന മേഖലയിൽ ഗ്രാമപഞ്ചായത്ത് പദ്ധതികളൊന്നും നടപ്പാക്കിയട്ടില്ല. ഇക്കാര്യം ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

1994 ലെകേരള പഞ്ചായത്ത് രാജ് നിയമത്തിലെ 166(1)-ാം വകുപ്പ് പ്രകാരം മത്സ്യവിപണനത്തിനുള്ള സഹായം നൽകുക, മത്സ്യതൊഴിലാളി കുടുംബങ്ങൾക്ക് കുറഞ്ഞ അടിസ്ഥാന സേവനങ്ങൾ നൽകുക, മത്സ്യതൊഴിലാളി ക്ഷേമപദ്ധതികൾ നടപ്പാക്കുക, മീൻ പിടുത്തത്തിനുള്ള ഉപകരണങ്ങൾ നൽകുക, മത്സ്യകുഞ്ഞുങ്ങളുടെ ഉൽപ്പാദനവും വിതരണവും വികസിപ്പിക്കുക തുടങ്ങിയവയെല്ലാം ഗ്രാമ പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മത്സ്യതൊഴിലാളികളുടെ ഉന്നമനത്തിനായി ഗ്രാമ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്. മത്സ്യതൊഴിലാളികൾക്ക് മെച്ചപ്പെട്ട ആവാസവ്യവസ്ഥ, തൊഴിൽ സാഹചര്യം, വിദ്യാഭ്യാസം എന്നിവ സാധ്യമാക്കി ആ വിഭാഗത്തിന്റെ സാമൂഹികമായും സാമ്പത്തികമായുമുള്ള പിന്നൊക്കാവസ്ഥ പരിഹരിക്കുക എന്നത് പഞ്ചായത്തിന്റെ വികസനസമീപനമായിരിക്കണം. ആയതിനായി ഈ മേഖലയുമായി ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥൻ, വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവരുടെ കൂട്ടായ പ്രവർത്തനത്തിലൂടെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## 1-28 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ വാങ്ങിയത്- കരാറുകാരിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

2020-2021 വർഷം തൊഴിലുറപ്പ് പദ്ധതിപ്രകാരം ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ ചുവടെ പറയുന്ന പ്രവർത്തികൾക്കായി ടെണ്ടർ നടപടികളിലൂടെ കരാറുകാരിൽ നിന്നും സാധനസാമഗ്രികൾ വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ആദായ നികുതി നിയമം സെക്ഷൻ 194 Cപ്രകാരം ഈടാക്കേണ്ടിയിരുന്ന ആദായ നികുതി (0.75%) ഈടാക്കാതെയാണ് കരാറുകാർക്ക് തുക അനുവദിച്ചത്. ആദായ നികുതി ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. - 14 തീയതി 29.07.2021).

| ക്രമ. നം. | പ്രവൃത്തിയുടെ പേര് | എഫ്.ടി.ഒ. നമ്പർ & തിയതി | കരാറുകാരന് നല്കിയ തുക(₹) | കരാറുകാരന്റെ പേര് | ആദായ നികുതി (0.75%) ഈടാക്കേണ്ടിയിരുന്ന തുക (₹) |
|---|---|---|---|---|---|
| 1 | കാന്തിലോട്ട് കമ്മ്യൂണിറ്റി ഹാള് പരിസരത്ത് വെള്ളക്കെട്ട് ഒഴിവാക്കാൻ ഡ്രൈനേജ് നിർമ്മാണം | FTO 620703 തീ:26.05.2020 | 1,90,896/- | എം.വി.കുഞ്ഞികൃഷ്ണൻ | 1,432/- |
| 2 | കമ്പ്യൂട്ടർ ഹോസ്റ്റൽ സെൻട്രൽ അങ്കണവാടി റോഡ് നിർമ്മാണം | FTO 620692 തീ:26.05.2020 | 52,042/- | എം.വി.കുഞ്ഞികൃഷ്ണൻ | 391/- |
| 3 | കടവത്ത് വളപ്പ് കൈപ്പാട്ട് ക്കുവക്കൈ റോഡ് ഫോർമേഷൻ രണ്ടാം ഘട്ടം | FTO 620715 തീ:26.05.2020 | 75,603/- | എം.വി.കുഞ്ഞികൃഷ്ണൻ | 567/- |
| 4 | ഓരി ചന്തേരക്കാരൻ റോഡ് ഫോർമേഷൻ | FTO 620703 തീ:26.05.2020 | 54285/- | എം.വി.കുഞ്ഞികൃഷ്ണൻ | 407/- |
| 5 | നാഗം മുതൽ കിഴക്കോട്ട് റോഡ് സോളിംഗ്- വാർഡ് 13 | FTO 24845 & FTO 24845 തീ:26.05.2020 | 1,15,401/- | എം.വി. ജയരാജൻ | 866/- |
| 6 | കെ.കെ.സി റോഡ് വളപ്പിൽ ഖാദർ ഹാജി വീടിന് മുൻവശം കോൺക്രീറ്റ് റോഡ് നിർമ്മാണം | FTO 291902 & FTO 292011 തീ:19.01.2021 | 3,31,938/- | ജഹാംഗീർ ഗുൽഷൻ | 2,490/- |
| | | | | ആകെ | 6,153/- |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2020-21 | 22-07-2021 & 23-07-2021 | അനുബന്ധം 1 ൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് ഉൾപ്പെടുത്തിയിട്ടുണ്ട് |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 148750 | നെൽ കൃഷിക്ക് കൂലി ചെലവ് | 148750 | 0 |
| | 2020-21 | 50000 | പാലിയേറ്റീവ് കെയർ | 50000 | 0 |
| | 2020-21 | 2010826 | ലൈഫ് പദ്ധതി | 1800014 | 210812 |
| | 2020-21 | 268975 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 268975 | 0 |
| | 2018-19 | 1000000 | ഉദിനൂർ ആധുനിക ശ്മശാനം | 1000000 | 0 |
| | 2020-21 | 625635 | പാലിന് സബ്സിഡി | 625635 | 0 |
| | 2020-21 | 10000 | വിശപ്പ് രഹിത കേരളം | 0 | 10000 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 148750 | നെൽ കൃഷിക്ക് കൂലി ചെലവ് | 148750 | 0 |
| | 2020-21 | 100000 | പാലിയേറ്റീവ് കെയർ | 100000 | 0 |

| | | | | |
|---|---|---|---|---|
| 2020-21 | 2030000 | ലൈഫ് പദ്ധതി | 1800000 | 230000 |
| 2020-21 | 268975 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് | 268975 | 0 |
| 2018-19 | 1500000 | ഉദിനൂർ ആധുനിക ശ്മശാനം | 1500000 | 0 |
| 2020-21 | 315629 | പാലിന് സബ്സിഡി | 315629 | 0 |
| 2020-21 | 50000 | വിശപ്പ് രഹിത കേരളം | 0 | 50000 |
| 2020-21 | 100000 | അഗതി രഹിത കേരളം | 0 | 100000 |

4-3 ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്റ്റിന്റെ പേര് | വൗച്ചർ നം /ബിൽ .നം | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ അവശേഷി ക്കുന്ന തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ വലിക്കൽ (11/21) | 224,225 Dt: 24/2/21 And 283, Dt: 25/3/21 | 669641 | - | 669641 |
| KSEB | സ്ട്രീറ്റ് ലൈൻ വലിക്കൽ (185/21) | Requisition No.5121407201200017, Dt: 21/10/2020(Own Fund) | 551762 | - | 551762 |
| KSEB | സ്ട്രീറ്റ് ലൈൻ വലിക്കൽ (126/21) | 20, Dt: 11/04/20 | 188639 | - | 188639 |
| KSEB | സ്ട്രീറ്റ് ലൈൻ വലിക്കൽ - Sc (124/21) | 21, Dt: 11/04/20 | 155082 | - | 155082 |
| KSEB | Shifting Of Dangerous Electric Posts (46/21) | 1)BRN:1452727 & 2)BRN:1452737 | 46133 | - | 46133 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്

ഇല്ല

4-5 വായ്പ/ വായ്പ തിരിച്ചടവ്

വായ്പാ ഇനത്തിൽ ലഭിച്ച തുകയുടെ വിവരവും വായ്പയിനത്തിലുള്ള തിരിച്ചടവിന്റെ വിവരവും

| വായ്പയുടെ പേര് / | ഉത്തരവ്നമ്പർ/ തീയ്യതി | തൻവർഷം ലഭിച്ച | വർഷാരംഭത്തിൽ തിരിച്ചടക്കാൻബാക്കി | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടക്കാൻ |
|---|---|---|---|---|---|

| ഉദ്ദേശ്യം | | വായ്പ തുക | ഉണ്ടായിരുന്ന തുക | | | ബാക്കിയുള്ള |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | തുക |
| ലൈഫ് മിഷൻ | GO(MS) 68/18 തീയതി 18/05/2018, GO(MS) 100/18 തീയതി 30/07/18, GO(MS) 110/18 തീയതി 13/08/2018 | 27,80,000 | 83,77,488 | 6,87,803 | 0 | 1,04,69,685 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

### സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| വർഷം | 2020-21 |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 32,47,500 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 2,59,800 |
| ആകെ | 35,07,300 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 35,07,300 |

### വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തീയ്യതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | പടന്ന സർവ്വീസ് സഹകരണ ബേങ്ക് | 12.09.2020 | 12.09.2021 | 11,69,100 | റസീറ്റ് നം. 1364 |
| 2 | പടന്ന സർവ്വീസ് സഹകരണ ബേങ്ക് | 12.09.2020 | 12.09.2021 | 11,69,100 | റസീറ്റ് നം. 1365 |
| 3 | പടന്ന സർവ്വീസ് സഹകരണ ബേങ്ക് | 12.09.2020 | 12.09.2021 | 11,69,100 | റസീറ്റ് നം. 1366 |
| | | | ആകെ | 35,07,300 | |

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് വർഷം ഈയിനത്തിൽ വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട പരാമർശങ്ങൾ

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 (Plan) | ഖ.32 | 2003-04 | 3-14-3-7 | പവർടില്ലർ വാങ്ങിയത് | പഞ്ചായത്ത് അധികൃതർ ലഭ്യമാക്കിയ മറുപടി ഹെഡ്ഡോഫീസിനെ 9-11-2015ന് അറിയിച്ചിട്ടുണ്ട്. തുടർ നിർദ്ദേശങ്ങൾ ലഭ്യമായിട്ടില്ല. |
| 2006-07 | 3.2 | 2010-11 | 2-14 | KSEBയിൽ തുക നിക്ഷേപിച്ചത് യൂ.സി ഇല്ല | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി<br>തടസ്സം ഒഴിവാക്കവാൻ ശുപാർശ ചെയ്തിട്ടുണ്ട്. സമിതി (LFAC 2016-19-പരിഗണനയിൽ (21-11-2017ന് സിറ്റിങ്ങ് നടത്തി) |
| 2014-15 | 2014-15 ഖ.<br>2-1,2-2,<br>2.6*,<br>2.7*,<br>2.8*,<br>2.9*,<br>2.10* | 2016-17 | അധ്യായം 1 അനുബന്ധം 3 | വസ്തു നികുതി പരാമർശങ്ങൾ | തടസ്സം തുടരുന്നു.<br>(2.6, 2.7, 2.8, 2.9, 2.10 എന്നീ ഖണ്ഡികകൾ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ടവയാണ്. തിരുത്തൽ പത്രിക പുറപ്പെടുവിക്കാൻ ഡയറക്ടറേറ്റിലേയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്.) |
| 2015-16 | 2-4 | 2016-17 | അധ്യായം 2 അനുബന്ധം 5 | തൊഴിൽ നികുതി പരാമർശങ്ങൾ | തടസ്സം തുടരുന്നു |
| തദ്ദേശ സ്ഥാപനങ്ങളിലെ ഈ ഗവേൺൻസ് സംവിധാനം-പ്രത്യേക അവലോകന റിപ്പോർട്ട് 2017-18 | - | 2017-18 | 2-1<br>(പേജ് 307to 320 & 467 To 482) | സർക്കാർ നിഷ്കർഷിച്ച പ്രകാരമുള്ള കമ്പ്യൂട്ടറുകൾ ഇല്ല | മറുപടി ലഭ്യമാക്കിയിട്ടില്ല . പരാമർശം തുടരുന്നു |

## 4-9 ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 7,72,37,433 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 7,27,02,528 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 25,43,636 |

(ബി). ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | ഇല്ല | ഇല്ല | ഇല്ല |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | ₹ 3,52,956 | അംബുജാക്ഷൻ ടി. , കൃഷി ഓഫീസർ |
| 1-17 | ₹ 7,20,000 | അംബുജാക്ഷൻ ടി. , കൃഷി ഓഫീസർ |
| 1-18 | ₹ 5,95,000 | അംബുജാക്ഷൻ ടി. , കൃഷി ഓഫീസർ |
| 1-21 | ₹ 5,00,000 | ബാലകൃഷ്ണൻ നാരോത്ത് , പ്രധാനാധ്യാപകൻ |
| 1-22 | ₹ 1,92,000 | ബാലകൃഷ്ണൻ നാരോത്ത് , പ്രധാനാധ്യാപകൻ |
| 1-23 | ₹ 1,83,680 | ബാലകൃഷ്ണൻ നാരോത്ത് , പ്രധാനാധ്യാപകൻ |
| ആകെ | ₹25,43,636 | |

(സി) കേന്ദ്ര -സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഇല്ല | ഇല്ല | ഇല്ല |

4-11 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെവിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെഎണ്ണം |
|---|---|---|
| 1995-96 | കെ.എസ്എ.കെ.എസ്.ഡി.3/480/06തീ 09-03-07 | 3 |
| 1996-97 | കെ.എസ്എ.കെ.എസ്.ഡി.9/48/16(2) തീ19.03.16 | 5 |
| 1997-98 | കെ.എസ്എ.കെ.എസ്.ഡി.9/48/16(3) തീ19.03.16 | 2 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി.5/48/00തീ 25.07.2000 | 5 |
| 1999-00 | കെ.എസ്എ.കെ.എസ്.ഡി.9/48/16(4) തീ19.03.16 | 8 |
| 2000-01 | കെ.എസ്എ.കെ.എസ്.ഡി.9/48/16(5) തീ19.03.16 | 4 |
| 2001-02(P) | കെ.എസ്എ.കെ.എസ്.ഡി.9/48/16(6) തീ19.03.16 | 3 |
| 2002-03 | കെ.എസ്എ.കെ.എസ്.ഡി.9/48/16(7) തീ19.03.16 | 3 |
| 2001-02 | കെ.എസ്എ.കെ.എസ്.ഡി.9/48/16(6) തീ19.03.16 | 2 |
| 2003-04 | കെ.എസ്എ.കെ.എസ്.ഡി.9/48/16(8) തീ19.03.16 | 3 |
| 2004-05 | കെ.എസ്എ.കെ.എസ്.ഡി.9/48/16(9) തീ19.03.16 | 3 |
| 2005-06 | കെ.എസ്എ.കെ.എസ്.ഡി.9/48/16(10)തീ19.03.16 | 2 |
| 2006-07 | KSA/KSD/454/19(1) തീ. 22.06.2019 | 4 |
| 2007-08 | KSA/KSD/454/19(2) തീ. 22.06.2019 | 3 |

| | | |
|---|---|---|
| 2008-09 | KSA/KSD/454/19(3) തീ. 22.06.2019 | 3 |
| 2009-10 | KSA/KSD/454/19(4) തീ. 22.06.2019 | 3 |
| 2010-11 | KSA/KSD/454/19(5) തീ. 22.06.2019 | 3 |
| 2011-12, 2012-13 | KSA/KSD/454/19(6) തീ. 22.06.2019 | 4 |
| 2013-14 | KSA/KSD/454/19(7) തീ. 22.06.2019 | 8 |
| 2014-15 | KSA/KSD/454/19(8) തീ. 22.06.2019 | 15 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി 9/1271/16 തീ.23.12.16 | 17 |
| 2016-17 | കെ.എസ്.എ/ കെ.എസ്.ഡി.9/997/17തീ.28.08.17. | 17 |
| 2017-18 | കെ.എസ്.എ/ കെ.എസ്.ഡി-9/215/19.തീ.11.03.2019 | 24 |
| 2018-19 | കെ.എസ്.എ.കെ.എസ്.ഡി-9/175/2020 തീ.24-02-2020 | 17 |
| 2019-20 | കെ.എസ്.എ.കെ.എസ്.ഡി-10/498/2021/ തി 03.09.2021 | 22 |

തീർപ്പാക്കാൻ അവശേഷിക്കന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്'രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്'രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കാസർഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-3

## റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്

| | | | |
|---|---|---|---|
| | Padne Grama Panchayat<br>RECEIPT & PAYMENT STATEMENT | | |
| | For the period from 01-April-2020 to 31-March-2021 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 22308874.00 |
| Cash | Cash | RP-40(a) | 6.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 905470.00 |
| 140000000 | Fees & User Charges | RP-4 | 562343.00 |
| 150000000 | Sale & Hire Charges | RP-5 | 1572967.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 51525476.00 |
| 171000000 | Interest Earned | RP-9 | 621935.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 3733916.00 |
| 350000000 | Other Liabilities | RP-36 | 10915569.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 650.00 |
| 311000000 | Earmarked Funds | RP-29 | 532.00 |
| 330000000 | Secured Loans | RP-32 | 2780000.00 |
| 340000000 | Deposits Received | RP-34 | 86263.00 |
| 350000000 | Other Liabilities | RP-36 | 462435.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4069877.00 |
| | Grand total | | 99546313.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3092360.00 |
| 220000000 | Administrative Expenses | RP-12 | 1048521.00 |
| 230000000 | Operations & Maintenance | RP-13 | 1866492.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5776714.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15926312.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 479250.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 302641.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 702000.00 |

Page No : 1

| | | | |
|---|---|---|---|
| 255000000 | Maintenance Projects | RP-20 | 4679964.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 142920.00 |
| 280000000 | Prior Period item | RP-26 | 47333.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 45000.00 |
| 350000000 | Other Liabilities | RP-36 | 13696219.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 1731.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | RP-26 | 0.0 |
| 340000000 | Deposits Received | RP-34 | 31000.00 |
| 350000000 | Other Liabilities | RP-36 | 2089452.00 |
| 410000000 | Fixed Assets | RP-38 | 16959160.00 |
| 412000000 | Capital work in Progress | RP-40 | 1645587.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 111400.00 |
| 440000000 | Pre-paid Expenses | RP-45 | 2600000.00 |
| 460000000 | Loans, Advances and Deposits | RP-47 | 1458472.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 25977437.00 |
| Cash | Cash | RP-40(b) | 866348.00 |
| | Grand Total | | 99546313.00 |

Page No : 2

## അനുബന്ധം-4

## ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്

Padne Grama Panchayat
INCOME & EXPENDITURE STATEMENT

For the period from 01-April-2020 to 31-March-2021

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 5240538.00 |
| 140000000 | Fee & User Charges | I-4(b) | 705908.00 |
| 150000000 | Sale & Hire Charges | I-5(b) | 1572967.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 123208374.00 |
| 170000000 | Income from Investments | I-7 | 259800.00 |
| 171000000 | Interest Earned | I-8 | 621935.00 |
| 180000000 | Other Income | I-9 | 650.00 |
| | Total Income | | 131610172.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9549699.00 |
| 220000000 | Administrative Expenses | I-11(b) | 1076476.00 |
| 230000000 | Operations & Maintenance | I-12(b) | 1872271.00 |
| 240000000 | Interest & Finance Charges | I-13 | 1731.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6016714.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 53981602.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 479250.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 302641.00 |
| 254000000 | Expenditures of Transfered Institutions and State | I-14(d) | 48785800.00 |

| | | | |
|---|---|---|---|
| | Sponsored Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 4679964.00 |
| 260000000 | Grants, Contributions & Compensation from Own Fund / Subsidies | I-15 | 142920.00 |
| | Total Expenditure | | 126889068.00 |
| | Gross Surplus/ Deficit of income over Expenditure | | 4721104.00 |
| 280000000 | Prior Period Item | I-18 | -78451.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 4799555.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

Page No : 1

## അനുബന്ധം-5

## ബാലൻസ് ഷീറ്റ്

| Padne Grama Panchayat BALANCE SHEET | | | |
|---|---|---|---|
| As on 31-March-2021 | | | |
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 5358287.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 17233.00 |
| 312000000 | Reserves | B-3 | 72442770.00 |
| | Total Reserve & Surplus | | 77818290.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 8061917.00 |
| | Total Grants, Contributions for Specific Purposes | | 8061917.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 10469685.00 |
| | Total Loans | | 10469685.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 201889.00 |
| 341000000 | Deposits Works | B-8 | 0.0 |
| 350000000 | Other Liabilities | B-9 | 2485738.00 |
| | Total Current Liabilities and Provisions | | 2687627.00 |
| | TOTAL LIABILITIES | | 99037519.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 102180760.00 |
| 411000000 | Accumulated Depreciation | B-11 | -44735293.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 57445467.00 |
| | Investments | | |
| 420000000 | Investments-General Fund | B-12 | 3507300.00 |
| | Total Investments | | 3507300.00 |
| | Current Assets, Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.0 |
| 431000000 | Sundry Debtors (Receivables) | B-15 | 329202.00 |
| 440000000 | Pre-paid Expenses | B-16 | 10069685.00 |
| | | | |

Page No : 1

| | | | |
|---|---|---|---|
| 450000000 | Cash and Bank Balance | B-17 | 26843785.00 |
| 460000000 | Loans, Advances and Deposits | B-18 | 842080.00 |

| | | |
|---|---|---|
| | Total Current Assets, Loans and Advances | 38084752.00 |
| | Other Assets | |
| | Miscellaneous Expenditure (To the Extent not written off) | |
| | TOTAL ASSETS | 99037519.00 |

Page No : 2